MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

FEBRUARY 2016

Vol.: 3 Issue : 2

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

| | | |
|---|---|---|
| 1 | ഇടയശബ്ദം | 08 |
| 2 | കച്ചേരിക്കാര്യങ്ങൾ | 10 |
| 3 | ചെന്നൈ ദുരിതാശ്വാസ ഫണ്ട് | 16 |
| 4 | സർക്കുലർ : തിരുബാലസഖ്യം | 20 |
| 5 | പാക്സ് | 23 |
| 6 | പാസ്റ്ററൽ കൗൺസിൽ | 24 |
| 7 | ബ്ലസ് എ ഹോം | 28 |
| 8 | കരിസ്മാറ്റിക് മൂവ്മെന്റ് | 29 |
| 9 | മതബോധനം | 30 |
| 10 | കെ.എൽ.എം. | 33 |
| 11 | സഭാവാർത്തകൾ | 34 |
| 12 | ബി.എൽ.എം. | 36 |
| 13 | സോഷ്യൽ ആക്ഷൻ | 37 |
| 14 | ചെന്നൈമിഷൻ | 39 |
| 15 | മാതൃസംഘം | 41 |
| 16 | നവചൈതന്യ | 41 |
| 17 | അവാർഡ് | 42 |
| 18 | സാൻജോസദൻ | 44 |
| 19 | കെ.സി.എസ്.എൽ. | 45 |
| 20 | സെന്റ് പോൾസ് മൈനർ സെമിനാരി | 46 |
| 21 | സ്പിരിച്ചാലിറ്റി സെന്റർ | 47 |
| 22 | ഇടയന്റെ നാളെകൾ | 48 |
| 23 | ഇടയന്റെ ഇന്നലെകൾ | 50 |

# ഇടയശബ്ദം



## നോമ്പുകാലം കാരുണ്യം പൂക്കുന്ന വസന്തമാകട്ടെ

ചുവട് കിളച്ച് വളമിട്ട് ഫലം ചൂടാൻ വീണ്ടും ഒരുക്കത്തിന്റെ ദിനങ്ങൾ! നോമ്പിന്റേയും ഉപവാസത്തിന്റേയും പ്രാർത്ഥനയുടേയും പ്രായശ്ചിത്ത പ്രവൃത്തികളുടേയും ഈ കാലഘട്ടം ദൈവകരുണ യാൽ നവീകരിക്കപ്പെടുന്നതിനും ദൈവകരുണയുടെ നേർസാക്ഷ്യ ങ്ങളാകാനുമുള്ള ആഹ്വാനത്തിന്റെ പുണ്യനാളുകളാണ്.

"അവൻ രക്ഷ നേടിയത് കോലാടുകളുടേയോ കാളക്കിടാങ്ങ ളുടേയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടേയാണ്" (ഹെബ്രാ. 9/12). "കാരണം അവന് ക്ഷതമേൽക്കണമെന്നത് കർത്താ വിന്റെ ഹിതമായിരുന്നു. അവിടുന്നാണ് അവനെ ക്ലേശങ്ങൾക്ക് വിട്ടു കൊടുത്തത്. പാപപരിഹാര ബലിയായി തന്നെത്തന്നെ അർപ്പിക്കു മ്പോൾ അവൻ തന്റെ സന്തതിപരമ്പരയെ കാണുകയും ദീർഘായു സ് പ്രാപിക്കുകയും ചെയ്യും" (ഏശയ്യ.53/10). യഥാർഥ കരുണയുടെ നേർരൂപമായി സ്വർഗകൂടാരങ്ങൾ വിട്ട് മനുഷ്യനോടൊപ്പം വസിച്ച് രക്ഷയുടെ നാട്ടിലേക്ക് അവരെ അർഹരാക്കാൻ ഭൂമിയിൽ അവതരിച്ച ദൈവപുത്രന്റെ പീഡാനുഭവ കുരിശുമരണ ഉത്ഥാന രഹസ്യങ്ങളിൽ പങ്കുചേരലാണല്ലോ ഈ കാലഘട്ടത്തിന്റെ ചൈതന്യം. ഈ രക്ഷയു ടെ അനുഭവതലങ്ങൾ അന്യമാകാതിരിക്കാനും പൂർണത യോടുകൂടി അതുൾക്കൊള്ളാനും സഭ ഒരു വെട്ടിയൊരുക്കലിന്റെ അവസരം നമുക്കായി തീർത്തിരിക്കുകയാണ്.

വ്രതശുദ്ധിയുടെ ചൈതന്യത്തിൽ ഇന്നലെകളുടെ കുറവു കളുടെ വഴികളിൽ നിന്നകന്ന് ഒരു പുതുജീവിതത്തിന്റെ ആത്മീയ നിറവിലേക്ക് ഉയരാൻ ഈ കാലഘട്ടം നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. ശ്ലീഹ ഓർമിപ്പിക്കുന്നു; "നിങ്ങളുടെ പഴയ ജീവിത രീതിയിൽനിന്നു രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസിന്റെ ചൈതന്യ ത്താൽ നവീകരിക്കപ്പെടട്ടെ. യഥാർഥമായ വിശുദ്ധിയിലും നീതി യിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ.4/22-24). ചാരം പൂശി ചാക്കുടുത്ത് വ്രതബദ്ധമായ ജീവിതം നയിച്ച നിനവേ നിവാസികൾ

രക്ഷയുടെ ഈ അനുഭവം സ്വന്തമാക്കിയവരാണ്. ദൈവത്തിന്റെ കരുണ നമ്മിൽ നിറയുന്ന ഈ പുണ്യദിനങ്ങളിൽ കരുണയുടെ കവാടം തുറന്ന് കാത്തിരിക്കുന്ന അവനിലേക്ക് അലിയാൻ നമുക്കും ബദ്ധശ്ര ദ്ധരാകാം. തിരിച്ചുവരവിന്റെ ധൂർത്ത പുത്രന്മാർക്ക് അകമൊരുക്കി കാത്തിരിക്കുന്ന പിതാവും വിരൽതുമ്പുകൊണ്ട് പാപിനിയുടെ കുറവുകൾ മണൽപ്പുറത്ത് എഴുതിമായ്ക്കുന്ന ഗുരുവും സജീവ സാന്നിദ്ധ്യമാണ്. അനുരഞ്ജനത്തിന്റെ കുമ്പസാരക്കൂടുകൾ നമുക്കാ യി തുറന്നിട്ടിരിക്കുകയാണ്. കൂദാശ സ്വീകരിച്ച എല്ലാവരും കുമ്പസാ രിച്ച് ഒരുങ്ങാനും കൂടുതൽ പ്രാർഥിക്കാനും ആഴ്ചയിലൊരിക്കലെ ങ്കിലും ഉപവസിക്കാനും ദൈവസ്നേഹത്തിന്റെ നിറവ് അനുഭവിക്കാ നും പരിശ്രമിക്കുമല്ലോ.

ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറു കൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങ ളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? (ഏശയ്യ.58/6). പ്രവാചക വചസ്സുകൾ ഓർമിപ്പിക്കുന്നതു പോലെ കരുണയുടെ നേർരൂപങ്ങളാകാനുള്ള ഒരു പ്രേരണയും ഈ നാളു കൾ നമുക്കു മുമ്പിൽ ഉണർത്തുന്നുണ്ട്. ഫ്രാൻസീസ് പാപ്പ ഓർമിപ്പി ക്കുന്നു: "ആധുനിക സമൂഹം സ്വയം തീർത്ത പുറമ്പോക്കുകളിൽ കഴിയുന്നവർക്കുവേണ്ടി ഈ ജൂബിലി വർഷത്തിൽ ഹൃദയം തുറ ക്കണം. ലജ്ജാകരമായ നിസംഗതയിലേക്കോ പതിവുകളുടെ വിര സതയിലേക്കോ വീഴരുതേ.. കണ്ണു തുറന്ന് ലോകത്തിന്റെ ദുരിതം കാണാം. നമ്മുടെ ഉറ്റവരുടെ മുറിവുകൾ കാണാം. സഹായത്തിനാ യുള്ള അവരുടെ നിലവിളി കേൾക്കാം. അവരുടെ നിലവിളി നമ്മു ടേതുമാകട്ടെ. നമുക്കൊരുമിച്ച് നിസംഗതയുടെ മതിലുകൾ തകർ ക്കാം. നമ്മുടെ കപടതയും സ്വാർത്ഥതയും ഇല്ലായ്മ ചെയ്യാം."

നോമ്പുകാല ഫലങ്ങൾ അപരന്റെ ഇല്ലായ്മകളിൽ നിറവൊ രുക്കുന്ന അത്ഭുതമാകണം. ഇല്ലാത്തവനുമായി പങ്കുവെയ്ക്കാൻ സമൃദ്ധിയിൽ നിന്നല്ല, അന്നന്നപ്പത്തിൽനിന്ന് ഒരു ഓഹരി കണ്ടെ ത്താം. വേദനിച്ചെത്തുന്നവനെ ആശ്വസിപ്പിക്കാൻ നീട്ടി വെയ്ക്കുന്ന അവസരങ്ങൾക്കപ്പുറം ജീവിതം തന്നെ മാറ്റിവെയ്ക്കാം. കരുണ കാരുണ്യമാകുന്നത് പകരം പ്രതീക്ഷിക്കാതെ നന്മ ചെയ്യുമ്പോഴല്ലേ? നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ നൽകപ്പെട്ട അവസരങ്ങൾ പൂർണതയോടെ നിറവേറ്റി സ്വർഗരാജ്യത്തിൽ ഇടം തേടാൻ കാരുണ്യം പൂക്കുന്ന ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25. 01. 2016

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ




## 1 Transfers, Appointments and Relieving Orders of the Priests with effect from 28-01-2016

| | |
|---|---|
| **Rev. Fr. Jos Kavunkal** | : Chaplain, Holy Family Convent & Mariam Thresia Convent, Kuzhikkattussery |
| **Rev. Fr. George Kalan** | : Chaplain, St. John Baptist FCC Convent, Kottat |
| **Rev. Fr. James Kavalakkatt** | : Chaplain, Providence House, IJK. |
| **Rev. Fr. Antony Manjaly** | : Vicar and Chaplain, Nellayi |
| **V. Rev. Fr. Paul Elamkunnapuzha** | : Relieved, Vicar, Edamuttam |
| **Rev. Fr. Vincent Chalissery** | : Vicar and Chaplain, Poyya |
| **Rev. Fr. Thomas Menachery** | : Chaplain, Mariam Thresia Hospital, Kuzhikkattussery |
| **Rev. Fr. Anto Parekadan** | : Vicar, Parakkadavu |
| **V. Rev. Msgr. Jobby Pozholiparambil** | : Relieved, Rector St. Paul's Minor Seminary & Eparchial Vocation Director, Director, Legion of Mary |
| **Rev. Fr. Antony Thekkineth** | : Medical Leave |
| **Rev.Fr. Jose Maliekal** | : Vicar and Chaplain, St. Joseph's Church, Aloor |
| **Rev. Fr. Varghese Pathadan** | : Associate Director, St James Medical Academy, Chalakudy |
| **Rev. Fr. Vincent Parayil** | : Rector, St. Paul's Minor Seminary & Director, Legion of Mary & Eparchial Vocation Director |
| **Rev. Fr. Joji Palamattath** | : Vicar and Chaplain, Parekattukara & Associate Director Sahrdaya Eng. College |
| **Rev. Fr. Benny Karimalickal** | : Vicar, Aripalam |

| | | |
|---|---|---|
| **Rev. Fr. Anto Chungath** | : | Resident Manager Deepika & Spiritual Father St. Paul's Minor Seminary & Chaplain, Alvernia Convent, IJK. |
| **Rev. Fr. Jojo Thoduparambil** | : | Vicar and Chaplain, Maparanam |
| **Rev. Fr. Varghese Aricatt (Jr.)** | : | Director, Bless a Home also |
| **Rev. Fr. Jaison Kudiyirickal** | : | Vicar and Chaplain, Puthenvelikara |
| **Rev. Fr. Andrews Chethalan** | : | Vicar and Chaplain, Anandapuram |
| **Rev. Fr. Joy Kozhukkatta ISCH** | : | Relieved Vicar and Chaplain, Veeranchira |
| **Rev. Fr. Francis Srampickal ISCH** | : | Vicar and Chaplain, Veeranchira |
| **Rev. Fr. Pauly Kannookadan** | : | Director, Navachaitanya |
| **Rev. Fr. Roby Valappila** | : | Vicar, Eranavur & Chaplain, Mathur, Chennai Mission |
| **Rev. Fr. Seejo Irimpan** | : | Associate Director, Bless a Home also |
| **Rev. Fr. George Chiramal** | : | Vicar, Little Mount, Chennai Mission |
| **Rev. Fr. Raphael Moolan** | : | Vicar and Chaplain, Kundoor |
| **Rev. Fr. Shaji Thekkekara** | : | Study Leave |
| **Rev. Fr. Lijo Kalaparambath** | : | Relieved Secretary AVARD, Chalakudy |
| **Rev.Fr. Shibu Nellissery** | : | Hyderabad Syro Malabar Mission |
| **Rev.Fr. Jijo Chakkiath** | : | Vicar, Roypettah, Santhome unit, Chennai Mission |
| **Rev. Fr. Joseph Sunny Mandakath** | : | Vicar and Chaplain, Thuruthiparambu also |
| **Rev. Fr. Binoy Nareparambil** | : | Vicar and Chaplain, Muriyad |
| **Rev. Fr. Vineesh Vattoly** | : | Vicar, Avadi, Chennai Mission |
| **Rev. Fr. Wilson Pereppadan** | : | Priest-in-charge, Velacherry, Chennai Mission |
| **Rev.Fr. Johny Kunnathuparambil** | : | Asst.Director, BLM Retreat Centre also |
| **Rev. Fr. Joby Menoth** | : | Relieved Vicar, Eranavur, Chennai Mission |
| **Rev. Fr. Jeo Kaitharath** | : | Priest-in-charge, Pattabiram also, Chennai Mission |
| **Rev. Fr. Bivin Kalambadan** | : | Acting Vicar, Perumbadappu & Chendrapinny |
| **Rev. Fr. Sebin Edattukaran** | : | Acting Vicar, Thottipal, Asst.Finance Officer, Sahrdaya |

| | | |
|---|---|---|
| **Rev. Fr. Melwin Pereppadan** | : | Priest- in-charge, Jubilee Nagar, Study Leave |
| **Rev. Fr. Joseph Kizhakkumthala** | : | Acting Vicar, Ambanoli & Chokkana, Relieved Asst. Director CYM |
| **Rev. Fr. Sinu Arimbuparambil** | : | Acting Vicar, Vasupuram |
| **Rev. Fr. Leslin Cheruparambil** | : | Priest-in-charge, Infant Mary Filial Church, Residence at Plavinmuri also |
| **Rev. Fr. Seby Koottalaparambil** | : | Acting Vicar, Edamuttam |
| **Rev. Fr. Binoj Thekkekara** | : | Asst. Puthenchira Forane |
| **Rev. Fr. Mefin Thekkekara** | : | Asst. Kodakara Forane & Asst. CYM |
| **Rev. Fr. Linto Panamkulam** | : | 1st Asst. Irinjalakuda & Asst CLC |
| **Rev. Fr. Joffin Kappil** | : | Asst. Director, Balabhavan also |
| **Rev. Fr. Nougin Vithayathil** | : | Fr. Prefect, St. Paul's Minor Seminary & Chaplain, Abhayabhavan, Porathissery also |
| **Rev. Fr. Ebin Payyappilly** | : | Acting Vicar, Kalvarikunnu & Secretary AVARD, Chalakudy |
| **Rev. Fr. Wilson Mookanamparambil** | : | Asst.Ambazhakad Forane |
| **Rev. Fr. Sinto Madavana** | : | Secretary to Bishop of Irinjalakuda |
| **Rev. Fr. Subish Vattaparamban** | : | Asst. Vicar, Dombivli Church, Eparchy of Kalyan |
| **Rev. Fr. Joseph Savio Payyappilly** | : | Asst. Moonumury |
| **Rev. Fr. Milton Thattil Kuruvila** | : | Asst. Thazhekad |
| **Rev. Fr. Rijo Alappatt** | : | Asst. Aloor |
| **Rev. Fr. Lijo Chittilappilly** | : | Asst. North Chalakudy |
| **Rev. Fr. Gilson Payyappilly** | : | 3rd Asst. Cathedral |
| **Rev. Fr. Tino Mechery** | : | Asst. Chowka |
| **Rev. Fr. Anoop Kolamkanny** | : | Asst. Mapranam |
| **Rev. Fr. Alex Kallely** | : | 2nd Asst. Chalakudy Forane |
| **Rev. Fr. Franco Parapully** | : | Asst. Parappukara Forane |
| **Rev. Fr. Jomin Cheradai** | : | Asst. Kallettumkara |
| **Rev. Fr. Tinto Njarekkadan** | : | 2nd Asst. Mala Forane |
| **Rev. Fr. Franson Thannadan** | : | Asst. South Thaniserry |
| **Rev. Fr. Arun Chakkalackal** | : | Asst.Perambra |

| | | |
|---|---|---|
| **Rev. Fr. Rinto Thekkineth** | : | Asst. Pariyaram |
| **Rev. Fr. Rinto Payyappilly** | : | Asst. Potta |
| **Rev. Fr. Bineesh Mankuttathil ISCH** | : | Asst.Vicar, West Chalakudy |
| **Rev. Fr. Robin Kuzhinjalil MSJ** | : | Special Confessor, Kanakamala |
| **Rev. Fr. Jinto Pereppadan OFM Cap** | : | Asst. Kanakamala |
| **Rev. Fr. Joshy Kallely** | : | Relieved, Chaplain, St. John Baptist Convent, Kottat |
| **Rev. Fr. Binoy Panel ISCH** | : | Relieved, Asst. Vicar, Munnumuri |
| **Rev. Fr. Roby Thaliparambil** | : | Relieved, Asst.Vicar, Kodakara Forane |
| **Rev. Fr. Jaison Parekatt** | : | Relieved Chaplain, Mathur, Chennai Mission |
| **Rev. Fr. Jijo Menoth** | : | Relieved Chaplain, Abhayabhavan, Porathissery |
| **Rev. Fr. Joby Vathalloor ISCH** | : | Relieved Asst. Perambra |
| **Rev. Fr. Bijoy Kottekudiyil ISCH** | : | Relieved Acting Vicar, St. George's Church Puthenvelikara |

**2 Following are the members of the Finance Council of the Eparchy of Irinjalakuda w.e.f. 25.01.2016 for three years.**

**Mar Pauly Kannookadan** - Bishop (President)

**Ex-officio**

| | | | |
|---|---|---|---|
| 1 | Very. Rev. Msgr. Sebastian Maliekal | - | Protosyncellus |
| 2 | Very. Rev. Msgr. Anto Thachil | - | Syncellus |
| 3 | Very. Rev. Msgr.Jobby Pozholiparambil | - | Syncellus |
| 4 | Very. Rev. Fr. Varghese Aricatt | - | Finance Officer (Convener) |
| 5 | Very. Rev. Fr. Clement Chirayath | - | Chancellor |
| 6 | Very. Rev. Fr. Joy Kadambatt | - | Zonal Forane Vicar, Irinjalakuda |
| 7 | Very. Rev. Fr. Antony Mukkattukarakaran | - | Zonal Forane Vicar, Chalakudy |
| 8 | Very. Rev. Fr. Pius Chirappanath | - | Zonal Forane Vicar, Mala |
| 9 | Mr. Abraham J. Alappatt | - | Assistant Finance Officer |

**Elected from Presbyteral Council on 16.03.2015**

10 Very. Rev. Msgr. Anto Thachil

11 Very. Rev. Fr. Sebastian Ezhekadan

**Elected from Pastoral Council on 12.12.2015**

12 Mr. Pauly Mampilly

13 Mr. K.J. Jose Kalan

**Nominated**

| | | |
|---|---|---|
| 14 Mr. Paulson Thengumpallil CA | - | Expert in Tax law |
| 15 Adv. E.T. Thomas | - | Expert in Civil law |
| 16 Mr. C.A. John Chackalakal | - | Expert in Banking |

**3. വലിയ നോമ്പ്**

ഫെബ്രുവരി 7-ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. നോമ്പുകാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്ക്. വിദേശത്ത് ജോലി ചെയ്യുന്നവരാണെങ്കിലും വിവാഹം അനുവദിക്കുന്നതല്ല.

**4. വൈദികക്ഷേമനിധി**

പള്ളികളിലും ഇതരസ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന വൈദികരുടെ ഒരു മാസത്തെ അലവൻസിന് തുല്യമായ സംഖ്യ രൂപതാഭവനത്തിൽ കൊടുക്കാത്തവർ എത്രയും വേഗം നല്കേണ്ടതാണ്.

**5. മാസധ്യാനം**

ഫെബ്രുവരിയിൽ അതാത് ഫൊറോനകളിൽ വച്ചായിരിക്കും.

**6 Junior Priests' Gathering**

നമ്മുടെ രൂപതയിലെ Junior Priests' Gathering 2016 ഫെബ്രുവരി 23 ചൊവ്വ 6 p.m. മുതൽ 24 ബുധനാഴ്ച 1 p.m. വരെ കല്ലേറ്റുംകര പാക്സിൽവച്ച് നടത്തപ്പെടുന്നു. 2009 ഡിസംബർ മുതൽ 2016 ജനുവരി ഉൾപ്പെടെയുള്ള കാലയളവിൽ വൈദികപട്ടം സ്വീകരിച്ച എല്ലാ രൂപത വൈദികരും -7 ബാച്ച് 55- പേർ ഇതിൽ പങ്കുകൊള്ളണം.

**7 ഏകോപന സമിതി**

ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഏകോപനസമിതി മീറ്റിങ്ങ് 2016 ഫെബ്രുവരി 13 ശനി യാഴ്ച 2.30p.m. മുതൽ 4.30 p.m വരെ രൂപതാഭവനത്തിൽവച്ച് ഉണ്ടായിരിക്കുന്നതാണ്.

**8 സമർപ്പിതവർഷത്തിന്റെ സമാപനം**

സമർപ്പിതവർഷത്തിന്റെ സമാപനം ഫെബ്രുവരി 2-ാം തിയ്യതി ചൊവ്വാഴ്ച നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശന (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ) ദിനത്തിലാണല്ലോ. അന്നേദിനം തന്നെ സമർപ്പിതവർഷത്തിന്റെ രൂപ

താതല സമാപനം രൂപതാഭവനത്തിൽവച്ച് ലളിതമായ പരിപാടികളോടെ ആചരിക്കുന്നതാണ്. രൂപതാതിർത്തിയിൽ പ്രവിശ്യ ഭവനങ്ങളുള്ള അഞ്ച് സന്യസ്ത സമൂഹങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, അസ്സി. പ്രൊവിൻഷ്യൽസ്, കൗൺസിലേഴ്സ് എന്നിവരും; പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായിട്ടുള്ള സന്യാസസന്യാസിനീ സമൂഹങ്ങളുടെ (Religious Congregations-Men & Women) സുപ്പീരിയേഴ്സ് എന്നിവരാണ് ഇതിൽ സംബന്ധിക്കേണ്ടത്. 11.30 am മുതൽ 3.00 pm വരെയായിരിക്കും പരിപാടികൾ.

രൂപതാ കാര്യാലയം
21. 01. 2016

**മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ**
വികാരി ജനറാൾ

## ഈ മാസം പിറന്നാൾ ആഘോഷിക്കുന്ന വൈദികർ

February 1
Rev. Fr. Feby Pulickan

February 2
Rev. Fr. Davis (Riju) Pynadath
Rev. Fr. Thomas Velakkanadan

February 4
Rev. Fr. James Kavalakatt
Rev. Fr. Binoy Thomas Nereparambil

February 5
Rev. Fr. Benjamin Chirayath
Rev. Fr. Jos Kavunkal

February 6
Rev. Fr. Joseph Savio Payyappilly

February 7
Rev. Fr. Sinto Chittilappilly

February 8
Rev. Fr. Manoj Karippai

February 9
Rev. Fr. John Kavalakatt (Jr.)
Rev. Fr. Joy Tharackal
Rev. Fr. Lijo Chittilappilly

February 11
Rev. Fr. Sinu Arimbooparambil

February 14
Rev. Fr. Subish Vattaparamban

February 13
Rev. Fr. Ajith Cheriakara
Rev. Fr. Linto Panamkulam

February 15
Rev. Fr. Rinto Kodiyan

February 18
Rev. Fr. Jose Maniparambil

February 19
Rev. Fr. Nixon Chakkorya

February 21
Rev. Fr. Sebastian Vazhappilly
Rev. Fr. Seby Kootalaparambil
Rev. Fr. Roby Valappila
Rev. Fr. Franson Thannadan

February 27
Rev. Fr. Anto Chungath

## Chennai Relief Fund Collection up to 25-01-2016

| I | Name of Church | Amount |
|---|---|---|
| 1 | Alamattom, M I ........................................ | 8,306 |
| 2 | Aloor Prasadavaranatha .......................... | 15,010 |
| 3 | Aloor, St.Joseph's .................................... | 50,000 |
| 4 | Ambanoly, St.George's ............................. | 3,000 |
| 5 | Ambazhakad, St.Thomas F. ..................... | 10,000 |
| 6 | Anadapuram, L F ..................................... | 50,000 |
| 7 | Anandapuram, St.Mary's .......................... | 5,000 |
| 8 | Anathadam, St.Thomas ........................... | 26,230 |
| 9 | Annamanada, Christ King ....................... | 20,694 |
| 10 | Aripalam -St.Mary's .................................. | 33,830 |
| 11 | Aroormuzhy, St.Paul's ............................... | 5,230 |
| 12 | Avittathur, Holy Family ............................... | 14,000 |
| 13 | Bethlehem St Francis ............................... | 24,675 |
| 14 | Chaipankuzhy, St.Antony's ........................ | 15,000 |
| 15 | Chalakudy.N., St.Joseph's ........................ | 41,364 |
| 16 | Chalakudy , St.Mary's F ............................ | 224,001 |
| 17 | Chalakudy OM P H .................................... | 70,000 |
| 18 | Cheloor, St.Mary's .................................... | 27,000 |
| 19 | Chemmanda, LourdeMatha ..................... | 5,130 |
| 20 | Edakulam, St. Sebastian's ....................... | 10,000 |
| 21 | Edamuttam, Christ King .......................... | 6,500 |
| 22 | Edathiruthy, O LF Carmel F ..................... | 37,135 |
| 23 | Elinjipra -St.Mary's Lourd's ....................... | 43,200 |
| 24 | Irinjalakuda, Dolours ................................ | 19,500 |
| 25 | Irinjalakuda Cathedral ............................. | 166,847 |
| 26 | Kaduppassery, S.H. .................................. | 37,263 |
| 27 | Kaipamangalam, St.Joseph's ................ | 9,000 |
| 28 | Kakkulissery ............................................ | 12,740 |
| 29 | Kallankunnu, St.Sebastian's .................... | 17,000 |
| 30 | Kallettumkara-Infant Jesus ...................... | 60,788 |
| 31 | Kallur, St.Sebastian's ............................... | 10,000 |
| 32 | Kalparambu, St. Mary's F .......................... | 48,555 |
| 33 | Kalvarikunnu, Vyakulamatha .................... | 15,000 |
| 34 | Kanakamala ST Antonys .......................... | 5,000 |
| 35 | Karalam, Holy Trinity ................................ | 5,000 |
| 36 | Karanchira-St.Francis Xavier .................... | 8,500 |
| 37 | Karoor, St.Mary's ...................................... | 8,370 |
| 38 | Karottukara, St.Antony's ........................... | 10,000 |

| | | |
|---|---|---|
| 39 | Karuvannur, St.Mary's ................................ | 73,000 |
| 40 | Kodakara, St.Joseph's ............................. | 56,900 |
| 41 | Kodungallur, St.Mary's ............................... | 3,000 |
| 42 | Kodunga, St.Sebastian's .......................... | 40,000 |
| 43 | Koodapuzha, O L P H ................................ | 40,000 |
| 44 | Kormala, Carmela Matha ......................... | 3,250 |
| 45 | Kottanellur, OLF ........................................ | 15,000 |
| 46 | Kottat, St.Antony's...................................... | 25,000 |
| 47 | Kumbidi, L F .............................................. | 11,490 |
| 48 | Kundur M I .................................................. | 10,001 |
| 49 | Kuthirathadam, St.John's ......................... | 7,500 |
| 50 | Kuttikad -St.Sebastian's F ....................... | 50,000 |
| 51 | Kuzhikattukonam, Vimala Matha ............. | 11,500 |
| 52 | Kuzhikattussery, M I .................................. | 50,000 |
| 53 | Kuzhoor, M I ............................................... | 24,710 |
| 54 | Lourdupuram, O L L ................................. | 30,000 |
| 55 | Madathumpadi, St.Augustin's ................. | 40,400 |
| 56 | Mala, St.Stanslaus F ................................. | 104,436 |
| 57 | Mannumkad, Fatima Matha ...................... | 10,155 |
| 58 | Mapranam, Holy Cross ............................. | 25,000 |
| 59 | Maramcode, St.Joseph's .......................... | 13,927 |
| 60 | Maramcode, St.Mary's .............................. | 4,357 |
| 61 | Mathilakam, St.Joseph's........................... | 15,250 |
| 62 | Mattathur , O L of P.Help .......................... | 11,763 |
| 63 | Meladoor, Infant Jesus ............................. | 38,700 |
| 64 | Mettipadam St Joseph.............................. | 8,000 |
| 65 | Moorkanad, St.Antony's ............................ | 23,200 |
| 66 | Mothirakanny, St.George's ....................... | 17,695 |
| 67 | Munnumuri, St.John, the Baptist ............. | 38,000 |
| 68 | Muplium,Assumption ............................... | 25,702 |
| 69 | Muriyad, St.Joseph's ................................ | 7,120 |
| 70 | Muthrathikkara, St.Mary's .......................... | 6,500 |
| 71 | Nadavarambu, St.Mary's ........................... | 5,000 |
| 72 | Nandikara, St.Mary's................................. | 16,000 |
| 73 | Nellayi, St.Mary's ....................................... | 80,000 |
| 74 | Oorakam, St.Joseph's.............................. | 10,000 |
| 75 | Padiyur, St.Mary's ...................................... | 3,000 |
| 76 | Paduvanagar, St.Antony's ........................ | 14,750 |
| 77 | Parakadavu, L F ....................................... | 10,270 |
| 78 | Parappukara, St.John's F ......................... | 26,700 |

| | | |
|---|---|---|
| 79 | Parekattukara, St.Mary's .......................... | 18,000 |
| 80 | Pariyaram, St.George's ............................ | 44,070 |
| 81 | Perambra, St.Antony's .............................. | 20,000 |
| 82 | Perumpadappu, St.Antony's .................... | 8,300 |
| 83 | Porathissery, St.Sebastian's ................... | 15,020 |
| 84 | Potta-LF ..................................................... | 50,000 |
| 85 | Poyya, Eprem's ........................................ | 20,000 |
| 86 | Puliparambu, L F ..................................... | 2,000 |
| 87 | Pullur, St.Xavier's ...................................... | 100,000 |
| 88 | Puthenchira, St. Joseph's ....................... | 38,000 |
| 89 | Puthenchira -St.Mary's F .......................... | 39,069 |
| 90 | Puthenveli, Infant Jesus ........................... | 21,000 |
| 91 | Puthenvelikkara, St.Georg's .................... | 31,000 |
| 92 | Thachudaparambu, St.Sebastian's ........ | 18,000 |
| 93 | Thanissery.S.,St.Xavier's ......................... | 12,000 |
| 94 | Thazhekad, St.Sebastian's ...................... | 36,000 |
| 95 | Thazhoor, St.Mary's .................................. | 32,426 |
| 96 | Thessery ,St Marys .................................... | 5,500 |
| 97 | Thirumukulam, St.Sebastian's ............... | 8,685 |
| 98 | Thottipal, St.Mary's .................................... | 21,200 |
| 99 | Thumbacode, St.Sebastian's ................. | 20,475 |
| 100 | Thumberassery ,St.Mary's ....................... | 6,760 |
| 101 | Thumbur, St.Mathews ............................... | 15,000 |
| 102 | Thuravankunnu, St.Joseph's .................. | 26,565 |
| 103 | Thuruthiparambu, O.L.G. .......................... | 22,000 |
| 104 | Vadachira, St Sebastian ........................... | 10,500 |
| 105 | Vadakkumkara, St.Antony's ..................... | 19,632 |
| 106 | Vallakkunnu St Alphonsa .......................... | 60,010 |
| 107 | Vallapady, Devamatha .............................. | 14,000 |
| 108 | Vallivattom , St.Joseph's .......................... | 20,000 |
| 109 | Vasupuram St Antony's ............................. | 34,000 |
| 110 | Velayanad, St.MAry's ................................ | 3,000 |
| 111 | Vellanchira, O L F ...................................... | 15,000 |
| 112 | Vellangallur, St.Joseph's .......................... | 16,500 |
| 113 | Vellani -St.Antony's ................................... | 5,000 |
| 114 | Vellikulangara -Holy Family ..................... | 15,000 |
| 115 | Vembalur,St.Joseph's .............................. | 2,000 |
| 116 | Vennur, St.Mary's ...................................... | 41,159 |
| 117 | Vynthala, St.Joseph's .............................. | 10,000 |
| 118 | Xaviyur, St.Xavier's .................................... | 3,775 |

| | | |
|---|---|---|
| **II** | **Filial Churches** | |
| 1 | Eravathur ................................................... | 6,555 |
| 2 | Mariankinnu ............................................. | 1,000 |
| 3 | Sholayar Bl.Mariam Thressia ................. | 5,695 |
| **III** | **Provincial Houses** | |
| 1 | F. C. C Provincial House, Chalakudy ............ | 455,000.00 |
| 2 | Udaya Provincial House, Irinjalakuda .......... | 400,000.00 |
| 3 | CHF Pavanatma Provincial House, Kallettumkara .... | 200,000.00 |
| 4 | SABS Provincial house Thodupuzha ............ | 100,000.00 |
| 5 | Jeeva Charitable Society, De Paul Provincialate Potta | 50,000.00 |
| 6 | Good Shephered Provincial House, St.Martha, Irinjalakuda... | 25,000.00 |
| **IV** | **Institutions/Associations** | |
| 1 | Social Forum, Irinjalakuda ............................ | 100,000.00 |
| 2 | St.Vincent de Paul Central Council, Irinjalakuda .......... | 25,000.00 |
| 3 | S H Hospital Pullur ........................................ | 25,000.00 |
| 4 | St.Pauls Minor Seminary ............................... | 410.00 |
| **V** | **College/School** | |
| 1 | Snehodaya College of Nursing , Vallakunnu .................. | 20,000.00 |
| 2 | Vimala Central School Thanissery ................................. | 15,000.00 |
| 3 | Vimal Jyothy Central School, Mupliyam ......................... | 10,000.00 |
| 4 | Ukken Memorial L P School , Thuravankunnu ............... | 3,050.00 |
| 5 | St Marys UP School Karoor .......................... | 2,200.00 |
| **VI** | **Individuals** | |
| 1 | Bishop Mar James Pazhayattil ...................... | 20,000.00 |
| 2 | Fr Davis Maliekal ........................................... | 500.00 |
| **VII** | **Others** | |
| 1 | Safari Club Moonumuri .................................. | 5,000.00 |
| 2 | Poornima Janasree Sangam ....................... | 2,000.00 |
| 3 | Alvernia convent Irinjalakuda ........................ | 3,545.00 |
| **VIII** | **Additional from Diocese** ............................................... | 4,48,255.00 |
| | Total .......................................................................... | **5,000,000.00** |

തമിഴ്നാട്ടിലെ ചെന്നൈയിലെയും സമീപപ്രദേശങ്ങളിലെയും വെള്ളപ്പൊക്ക കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കു സഹായമായി സംഭാവനകൾ നൽകി സഹകരിച്ച എല്ലാ ഇടവകകളോടും സ്ഥാപനങ്ങളോടും പ്രൊവിൻഷ്യൽസിനോടും ഏറെ സ്നേഹത്തോടെ നന്ദി അറിയിക്കുന്നു. ദുരിതമനുഭവിക്കുന്ന വ്യക്തികളുടെയും കുടുംബങ്ങളുടേയും പുനരധിവാസത്തിനും ദുരിതാശ്വാസത്തിനുമായി ഈ 50 ലക്ഷം രൂപ ചെന്നൈ സീറോ മലബാർ മിഷന്റെ നേതൃത്വത്തിൽ വിനിയോഗിക്കുവാൻ ബഹു. ജോസ് ഇരിമ്പനച്ചനെ ഏൽപ്പിച്ചു. നിങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപത മെത്രാൻ

Ref: 2913/K 35/OL/KCBC/DS 18.01.2016

## 2016 ഫെബ്രുവരി 14

# തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ആഗോള കത്തോലിക്കാസഭ എല്ലാ വർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. ബാലനായ യേശുവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, അവശരും, ദരിദ്രരും, അനാഥരും, നീതി ലഭിയ്ക്കാത്തവരുമായ കുട്ടികളുടെ ഉന്നമനത്തിനായി സ്ഥാപിയ്ക്കപ്പെട്ടതാണ് തിരുബാലസഖ്യം. കേരളത്തിലെ എല്ലാ കത്തോലിയ്ക്കാ ദൈവാലയങ്ങളിലുമായി ബാലജനസംഘടനകളുടെ കൂടെ തിരുബാലസഖ്യവും ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. സഖ്യത്തിലെ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഞങ്ങളുടെ അനുഗ്രഹവും ആശംസകളും.

ബഹുതല ചിന്തകളാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത്. തങ്ങളാൽ കഴിയുന്നത് തങ്ങളെക്കാൾ അവശരും ദരിദ്രരുമായ കുട്ടികൾക്കു വേണ്ടി ദാനമായി നൽകുക എന്ന കരുണയുടെ പാഠമാവണം കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ചിന്തകളിൽ പതിയേണ്ടത്. നമ്മുടെ പൊതുഗൃഹത്തിന്റെ നന്മകൾക്ക് നാം മാത്രമല്ല അവകാശികളെന്നും പങ്കുവയ്ക്കുകയെന്ന് ഔദാര്യമല്ല കടമയാണെന്നും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ട ദിവസമാണിന്ന്.

നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം. വ്യക്തിസ്വാതന്ത്ര്യങ്ങളുടെയും നിയമ പരിരക്ഷയുടെയും അകമ്പടിയും ജീവിതത്തിൽ അനുസരണവും, വിധേയപ്പെടലും ക്രിസ്തു ചൈതന്യത്തിന്റെ ഭാഗം തന്നെയാണ്. ശരിയായ വളർച്ചാമുഖങ്ങൾക്ക് ഇത് അനിവാര്യവുമാണ്. യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാ

ക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾപോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയ ബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവ കല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

ഓരോ കുട്ടിയ്ക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടന

ത്തിനു ശേഷമോ, മാതാപിതിക്കളുടെയും മുതിർന്നവരുടെയും പ്രീതി ക്കുവേണ്ടിയോ ആവരുത് കുട്ടികൾ ഈ തിരഞ്ഞെടുപ്പുകൾ നട ത്തുന്നത്. സമാധാനപൂർണ്ണവും സർഗാത്മകവുമായ ഭാവിക്ക് ശരി യായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻ മാരും മുന്നോ ട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തര വാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യ ങ്ങളുമാണ് ഇന്നുളളത്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടു തൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. പല നഗ രങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോ ഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനക മായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗീകമായി കുട്ടികളെ ദുരുപ യോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടു ത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇര യാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയി ക്കുവാൻ എല്ലാമാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാ ദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതംമാ റ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടി കളെയും യുവതിയുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്ക വിശ്വാസവും കുടും ബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വള രുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും വഴിതെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നിൽക്കുക, പ്രവർത്തിക്കുക എന്നത് അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ  തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻമുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

NB: 2016 ഫെബ്രുവരി 14-ാം തീയതി ഈ സർക്കുലർ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

---

## പാക്സ്

Precana February 1, 2, 3,   Feb 29, March-1, 2

**ഫാ. ജോജി കല്ലിങ്ങൽ**
ഡയറക്ടർ

# പാസ്റ്ററൽ കൗൺസിൽ

## 8-ാം സമ്മേളനം 2016 മാർച്ച് 12 ശനി

നാലാമത് സീറോമലബാർ മേജർ ആർക്ക് എപ്പിസ്കോപ്പൽ അസംബ്ലി 2016 ആഗസ്റ്റ് 26 മുതൽ 28 വരെ ഇരിങ്ങാലക്കുട രൂപതയുടെ സഹൃദയ എൻജിനീയറിംഗ് കോളേജിൽ വച്ചാണ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നത് എന്നതിൽ നമുക്ക് ഏറെ സന്തോഷിക്കുകയും നന്ദി പറയുകയും ചെയ്യാം.

കുടുംബത്തിലും സമൂഹത്തിലും സാക്ഷ്യം വഹിക്കുന്ന സഭയായി ഇന്നിന്റെ വെല്ലുവിളികളോട് എങ്ങനെ ക്രിയാത്മകമായി പ്രതികരിക്കാം എന്നതാണ് ഈ അസംബ്ലിയിൽ ഉത്തരം കണ്ടെത്താൻ ഉന്നയിക്കപ്പെടുന്ന പ്രധാനപ്പെട്ട ചോദ്യം. കുടുംബം, ക്രൈസ്തവ ജീവിതശൈലി, സീറോമലബാർ പ്രവാസികൾ എന്നീ മേഖലകളിൽ കൂടുതൽ ആധികാരികമായ പഠനങ്ങളും ചർച്ചകളും നടത്തപ്പെടും. ഈ പശ്ചാത്തലത്തിൽ 2016 മാർച്ച് 12-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്ന പാസ്റ്ററൽ കൗൺസിലിന്റെ 8-ാം സമ്മേളനത്തിൽ പഠന വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് "ക്രൈസ്തവജീവിതശൈലി കുടുംബത്തിലും സമൂഹത്തിലും" എന്നതാണ്. താഴെ കൊടുത്തിരിക്കുന്ന വിചിന്തനങ്ങളും ചോദ്യങ്ങളും ഇടവകതലത്തിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഫൊറോന കൗൺസലിന് അയച്ച് കൊടുക്കുകയും ഫൊറോന കൗൺസിൽ അവ പഠിച്ച് സംക്ഷിപ്ത റിപ്പോർട്ട് മാർച്ച് 12ന് നടക്കുന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ഫൊറോന കൗൺസിൽ സെക്രട്ടറി (5 മിനിറ്റ് മാത്രം) അവതരിപ്പിക്കേണ്ടതാണ്.

**വിഷയം : "ക്രൈസ്തവ ജീവിതശൈലി കുടുംബത്തിലും സമൂഹത്തിലും"**

### 1. ക്രൈസ്തവ ജീവിതശൈലി

**വിചിന്തനം :** ആധുനിക കാലഘട്ടത്തിൽ ഉപഭോഗസംസ്കാരം നമ്മുടെ വ്യക്തിജീവിതങ്ങളെ അടക്കി ഭരിക്കുന്നു. ആഢംബര കാറുകളും, വീടുകളും, വില പിടിപ്പുള്ള ആഭരണങ്ങളും നമ്മുടെ അനുദിന ജീവിതത്തിലെ അവശ്യവസ്തുക്കളെന്ന തെറ്റായ മനോഭാവത്തിലേക്ക് സമൂഹമനഃസാക്ഷിയെ എത്തിച്ചിരിക്കുന്നു. മനുഷ്യന്റെ

അടിസ്ഥാന സൗകര്യങ്ങളും ആവശ്യങ്ങളും നേടിയെടുക്കുക എന്ന തലത്തിൽനിന്നും സാമ്പത്തികമായി ഉയർന്ന രാഷ്ട്രങ്ങളിലെ ജനങ്ങൾ ജീവിക്കുന്ന നിലവാരത്തിലുള്ള അതേ സാധനങ്ങൾ നമ്മൾ ഉപയോഗിച്ചാലേ ജീവിതം തൃപ്തികരമാകൂ എന്ന തെറ്റായ ദിശാബോധം മാധ്യമങ്ങളിലൂടെ നൽകപ്പെടുന്നു. മനുഷ്യന്റെ സാമൂഹികവും വൈകാരികവുമായ ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കും ഒരിക്കലും പരിമിതികളില്ല. അവ പൂർണ്ണമായി തൃപ്തിപ്പെടുത്താനും സാധ്യമല്ലെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ആത്മനിയന്ത്രണവും ലളിതജീവിതശൈലിയും പങ്കുവയ്ക്കലിന്റെ സംസ്കാരവുമാണ്. കത്തോലിക്കാസഭ ഈ പ്രതിസന്ധികളിൽ ക്രിയാത്മകമായ ഉത്തരമായി നിർദ്ദേശിക്കുന്നത്.

**ചോദ്യം 1**

ക്രൈസ്തവവിശ്വാസികളുടെ ജീവിതശൈലി യേശു കേന്ദ്രീകൃതമായ ലാളിത്യത്തിലേക്ക് എപ്രകാരം തിരിച്ചുകൊണ്ടുവരാം; നമ്മുടെ ആഘോഷങ്ങൾ, തിരുനാളുകൾ, വിവാഹങ്ങൾ, മറ്റ് പ്രധാനദിനാഘോഷങ്ങൾ, കെട്ടിടനിർമ്മാണം, വീട്ടുപകരണസാധനങ്ങളുടെ ഉപയോഗം എന്നിവയിൽ എങ്ങിനെ ക്രൈസ്തവ ലാളിത്യവും ആദർശങ്ങളും നിലനിറുത്താം?

## 2 സീറോമലബാർ പ്രവാസികൾ

**വിചിന്തനം :** 49 ലക്ഷം വരുന്ന സീറോമലബാർ വിശ്വാസികളിൽ 13 ലക്ഷം പേർ കേരളത്തിന് പുറത്താണ് താമസിക്കുന്നത്. ഇതിൽ ഇന്ത്യയിൽ വ്യത്യസ്ത ഇടങ്ങളിൽ കഴിയുന്നവരുടെ എണ്ണം 5,50,000 ആണെങ്കിൽ ഇന്ത്യക്ക് പുറത്ത് അത് 7,50,000 ആണ്. സീറോമലബാർ പ്രവാസികളുടെ ഏതാനും സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

വിശ്വാസവും പാരമ്പര്യവും വരും തലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനുള്ള പ്രതിസന്ധികൾ, അണുകുടുംബമായും ഒറ്റയ്ക്കും താമസിക്കുന്നതുകൊണ്ട് മറ്റ് കുടുംബാംഗങ്ങളുടെ ബന്ധത്തിന്റെ ഊഷ്മളത നഷ്ടമാകുന്നു. മറ്റ് മതസ്ഥരും അകത്തോലിക്കരുമായും നടത്തപ്പെടുന്ന വിവാഹങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. അമിതമായി വ്യക്തിസ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുന്ന സംസ്കാരം, അന്യസംസ്കാരങ്ങളിലെ ദുഃശ്ശീലങ്ങൾ പകർത്താനുള്ള പ്രവണതകൾ,

ജോലി സാഹചര്യങ്ങളിൽനിന്ന് നേരിടുന്ന ടെൻഷനുകൾ, മാർ തോമാ പൈതൃകവും സീറോമലബാർ കുടുംബാന്തരീക്ഷവും നില നിറുത്താൻ പറ്റാത്ത സാഹചര്യങ്ങൾ, വിദേശങ്ങളിൽ ജനിച്ചു വളർന്ന തലമുറയും നമ്മുടെ നാട്ടിൽനിന്ന് വർഷങ്ങൾക്കുമുമ്പ് പ്രവാ സികളായി അവിടെ എത്തിയ തലമുറയും തമ്മിലുള്ള കാഴ്ചപ്പാടു കളിലെ വ്യത്യാസം.

**ചോദ്യം 2**

സീറോമലബാർ സഭാംഗങ്ങൾ കേരളത്തിന് പുറത്ത് പ്രവാ സികളായി താമസിക്കുമ്പോൾ അവർ നേരിടുന്ന വിശ്വാസപ്ര തിസന്ധികൾ ഏവ? പ്രവാസി ജീവിതം നമ്മുടെ ജീവിതരീതി കളെയും കുടുംബങ്ങളിലെ കുടുംബപാരമ്പര്യങ്ങളേയും മൂല്യ ങ്ങളേയും ആചാരാനുഷ്ഠാനങ്ങളെയും എങ്ങനെ സ്വാധീനി ക്കുന്നു? പ്രവാസികളായ വ്യക്തികൾക്കും, പ്രവാസികളുടെ കേര ളത്തിലെ കുടുംബാംഗങ്ങൾക്കും എങ്ങിനെയുള്ള അജപാലന ശുശ്രൂഷയാണ് സഭയുടെ ഭാഗത്ത് നിന്ന് പ്രതീക്ഷിക്കുന്നത്?

**3. കുടുംബം**

**വിചിന്തനം :** ദൈവം വിഭാവനം ചെയ്ത രീതിയിൽ കൂട്ടായ്മയി ലേക്കും സ്നേഹത്തിലേക്കും നൽകപ്പെടുന്ന വിളിയാണ് കുടുംബ ജീവിതം. വിവാഹമോചനങ്ങൾ, കൂടിതാമസം, രജിസ്റ്റർ വിവാഹങ്ങൾ, സിംഗിൾ പാരന്റ് ഫാമിലികൾ തുടങ്ങിയ വ്യത്യസ്ത പ്രതിസന്ധി കളാൽ കുടുംബാന്തരീക്ഷം വെല്ലുവിളിക്കപ്പെടുന്നു. മാധ്യമങ്ങളിലൂടെ ലഭിക്കുന്ന തെറ്റായ ലൈംഗിക വിജ്ഞാനം കുടുംബാന്തരീക്ഷം മലിനമാക്കുകയും, വ്യക്തിബന്ധങ്ങളിലെ പ്രശ്നങ്ങൾ ക്രിയാത്മക മായി നേരിടുവാൻ ബുദ്ധിമുട്ടുകയും ചെയ്യുന്ന കുടുംബസ്ഥർക്ക് ലൈംഗികവിദ്യാഭ്യാസവും, വൈകാരിക പക്വതയും നൽകപ്പെടുന്ന വേദിയാകണം ആധുനിക കുടുംബങ്ങൾ. മക്കൾ ദൈവത്തിന്റെ ദാന മാണെന്ന ചിന്തയിൽ സീറോമലബാർ കുടുംബങ്ങളിലെ അംഗ സംഖ്യ ഗണ്യമായി വർദ്ധിപ്പിക്കാൻ എല്ലാ സഭാംഗങ്ങളും പരിശ്രമി ക്കണം. കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള ഭക്ഷണം, പങ്കുവെയ്ക്കൽ, വിനോദങ്ങൾ, തീർത്ഥാടനങ്ങൾ, എന്നിവ നല്ല കുടുംബബന്ധങ്ങൾ വളർത്തുന്നതിനുള്ള സാഹചര്യങ്ങൾ വർദ്ധിപ്പിക്കും.

**ചോദ്യം 3**

കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള പരസ്പര ബഹുമാനം എങ്ങനെ വളർത്തിയെടുക്കണം? കുടുംബപ്രാർത്ഥനയുടെ അരൂപി ഇന്നത്തെ കുടുംബങ്ങളിൽ നിലനിറുത്താൻ സാധിക്കുന്നുണ്ടോ? വൈകാരികപക്വതയും ലൈംഗികവിദ്യാഭ്യാസവും നൽകുവാൻ എങ്ങനെ ഇന്നത്തെ കുടുംബപശ്ചാത്തലത്തിൽ സാധിക്കും?

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. നെവിൻ ആട്ടോക്കാരൻ**
ജനറൽ സെക്രട്ടറി

**അഡ്വ. സുനിൽ ജോസ്**
സെക്രട്ടറി

**അഡ്വ. ലൂസി ഡേവീസ് മാവേലി**
ജോ. സെക്രട്ടറി

## ആദരാഞ്ജലികൾ

### സി. ആനി പാലത്തിങ്കൽ CHF (68)

**മരണം 14. 12. 2015**



ഇരിങ്ങാലക്കുട രൂപതയിലെ കാട്ടൂർ ഇടവക ആലപ്പാട്ട് പാലത്തിങ്കൽ ഔസേപ്പിന്റെയും താണ്ടയുടെയും മകളായി (ഡാർലി) ജനിച്ചു. 1964 മെയ് 6ന് പ്രഥമവ്രതവാഗ്ദാനത്തിലൂടെ സി. ആനി പാലത്തിങ്കൽ എന്ന പേര് സ്വീകരിക്കുകയും 08.05.1968ൽ നിത്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

ഇരിങ്ങാലക്കുട പാവനാത്മ പ്രൊവിൻസിന്റെ വികാർ പ്രൊവിൻഷ്യലും, ഡൽഹി ശാന്തിധാര പ്രൊവിൻസിന്റെ പ്രൊവിൻഷ്യലും ആയി സേവനമനുഷ്ഠിച്ച മദർ ആനി 1997-2003 വരെ വികാർ ജനറാളും 2003-2009 വരെ സി.എച്ച്.എഫിന്റെ സുപ്പീരിയർ ജനറലുമായി സേവനം ചെയ്തു. കാൻസർ ബാധിതയായ മദർ ആനി പാലത്തിങ്കൽ ഡൽഹി ശാന്തിധാര പ്രൊവിൻസിന്റെ മിഷൻ ഭവനമായ പേരാമ്പ്ര ഹോളിഫാമിലി മഠാംഗമായിരിക്കെ, 2015 ഡിസംബർ 14ന് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.



Bless A Home

# ബ്ലസ്സ് എ ഹോം

**ഒരു വീടിനെ അനുഗ്രഹിക്കൂ...**

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ നിന്ന് 1000 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ നാല് കോടി എൺപത്തിരണ്ട് ലക്ഷത്തിഅറുപത്തിമൂവ്വായിരം (4,82,63000) രൂപ നൽകി. 2016 ലെ ഒരു ലക്ഷം സ്പോൺസേഴ്സ് പദ്ധതിയനുസരിച്ച് 100 രൂപ വീതം തന്നവർ = 4136

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1. | Panthalookaran Lonappan & Sons Kodakara | 10,000 |
| 2. | Paul Kalathingal Kanakamala | 12,000 |
| 3. | Mithun Dev C. Palathingal Kattoor | 12,000 |
| 4. | Director, Holy Grace Accadamy Mala | 1,00,000 |
| 5. | Sr. Superior C.H.F Convent Perambra | 5,000 |
| 6. | Sr.Superior Lioba Convent Perambra | 5,200 |
| 7. | St. Little Flower Church Anandapuram | 15,000 |
| 8. | Sacred Heart Church Thoikavu | 5,000 |
| 9. | Mary Rani Convent Irinjalakuda (Box Collection) | 4,070 |
| 10. | Jubin Varghese Chemmandakaran, Thumboor | 12,000 |
| 11. | Cicily Baby Kizhakoot Kattoor | 5,000 |
| 12. | St. Pauls Church Thaikkattussery | 5,000 |
| 13. | Sr.Josy Parokkaran Irinjalakuda | 5,000 |
| 14 | Mariam Thresia Hospital Kuzhikkattusery | 10,000 |
| 15. | K.L Jose Kooliyadan Irinjalakuda | **50,000** |
| 16. | Aswin Giji Mampilly Irinjalakuda | 50,000 |
| 17. | St.Marys Church Cheloor | 5,000 |
| 18. | Jolsana Sebastian Dubai | 10,000 |
| 19. | Sony Karathra Arippalam | 5,000 |
| 20. | Rose Mary C/o Xavier Pallippatt | 10,000 |
| 21. | St. Josephs School Aloor | 10,000 |
| 22. | Soccorso CGHSS Mala | 12,000 |
| 23. | Department of Catechism OLPH Church Chalakudy West | 5,000 |
| 24. | Nestle Joseph Kalambadan Vellikulangara | 50,000 |
| 25. | St.Francis Xavier Church Kombathukadv | 10,000 |
| 26. | Fr.Dijo Payyapilly Mala | 5,000 |

27. Alvernia Provincial House Chalakudy ........................................ 5,000
28. Akkara Textiles (Box Collection) Irinjalakuda ................................ 2,108
29. Peter Antony Kombakaran Kattoor ............................................. 20,000
30. Lilly Paul Avittathur ............................................................. 6,000
31. Jaison Chakkalamattath Mupliyam ............................................... 5,000
32 Nikil Raj C palathingal Kattoor .................................................. 12,000
33. P.P Shoji Padamadan Mala ....................................................... 12,000
34. Jeeja Thomas Kannampilly Perambra .......................................... 25,000
35. Benny D Kannamkunny .............................................................. 6,000
36. Well Wisher ........................................................................... 10,000
37. TonyBaby K Kannampuzha Chalakudy ........................................... 12,000
38. Philp Eluvathingal Irinjalakuda ............................................. 2,00,000
39. Joyalukkas Foundation Kochi ..................................................... 20,000
40 Jose Painadath Kombidi U.K ........................................................ 5,000
41. Bijimol .................................................................................. 5,000
42. Remil Poulose & Vini Teresa Karathra Vadama ............................ 10,000
43. Thirunal Prasudentimar St. Marys Church Vennor .......................... 50,000
44. Well Wisher Irinjalakuda ........................................................... 12,000
45. Fr. Vicar & Parishioners Arippalam .............................................. 20,000
46. karunyavarsham, St. Mary Church Karuvannur ................................ 51,271
47. Waltan Poulose & Family Karuvannur ............................................. 5,000
48. A.V. Davis Ayinikkadan Mupliyam ................................................. 5,000

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
മാനേജിംഗ് ട്രസ്റ്റി

## കരിസ്മാറ്റിക് മൂവ്മെന്റ്

**മധ്യസ്ഥ പ്രാർത്ഥന ദിനം :** ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 1 തിങ്കളാഴ്ച മധ്യസ്ഥ പ്രാർത്ഥനാദിനമായി രാവിലെ 10 മണി മുതൽ 2 വരെ ആചരിക്കുന്നു. ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ ഒരുക്കുന്ന ഈ ശുശ്രൂഷകളിലേക്ക് സോൺ, സബ്സോൺ, പ്രാർത്ഥന ഗ്രൂപ്പംഗങ്ങൾ പങ്കെടുക്കണം.

**ഗത്സമേൻ 2016 :** 50 മണിക്കൂർ അഖണ്ഡ ആരാധന മാർച്ച് 4, 5, 6 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ ഒരുക്കുന്നു.

**ഫാ. നിക്സൻ ചാക്കോര്യ**
ഡയറക്ടർ

# മതബോധനം

**1 ഇരിങ്ങാലക്കുട +2 വിശ്വാസപരിശീലനപ്രതിഭാസംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

1. അഭയ് ബിൻസ്, എലിഞ്ഞിപ്ര ലൂർദ്ദ്
2. മെൽവിൻ ജോസഫ്, എടക്കുളം
3. സോനു സെബാസ്റ്റ്യൻ, മടത്തുംപടി
4 അഖില വി.ജെ., ആളൂർ വരപ്രസാദനാഥ

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഡിസംബർ 21, 22, 23 തിയ്യതികളിൽ സംഘടിപ്പിച്ച സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തിയ വിശ്വാസപരിശീലന പ്രതിഭാസംഗമത്തിൽ ഇവർ പങ്കെടുത്തു. പ്രത്യേകം അനുമോദനങ്ങൾ ആശംസിക്കുന്നു.

**2. മതബോധനവാർഷിക പരീക്ഷ**

| | | |
|---|---|---|
| X, XI, XII | : | ഫെബ്രുവരി 7 ഞായർ 2-4 pm വരെ |
| VI, VII, VIII, IX | : | ഫെബ്രുവരി 14 ഞായർ 2-4 pm വരെ. |
| I, II, III, IV, V | : | ഫെബ്രുവരി 21 ഞായർ 2-4 pm വരെ. |

**3. X, XII വാർഷിക പരീക്ഷ നിർദ്ദേശങ്ങൾ**

X, XII ക്ലാസ്സുകളിലെ പരീക്ഷയുടെ മേൽനോട്ടം വഹിക്കുന്നതിന് അദ്ധ്യാപകരെ നിശ്ചയിച്ചിട്ടുള്ള നിയമനപത്രിക പള്ളികളിലേക്ക് നൽകിയിട്ടുണ്ട്. പരീക്ഷാദിനത്തിൽ നിയോഗിക്കപ്പെട്ട സ്ഥലത്തേയ്ക്ക് അവരെ അയക്കണമെന്ന് താല്പര്യപ്പെടുന്നു. പരീക്ഷ കഴിഞ്ഞാലുടൻ രൂപതാമതബോധനകേന്ദ്രത്തിൽ ഉത്തരക്കടലാസുകളും രജിസ്ട്രേഷൻ ഷീറ്റും ബാഗിനോടൊപ്പം തിരിച്ചു ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസിന്റെ ഫ്രണ്ട് ഷീറ്റിൽ മാത്രമെ രജിസ്ട്രേഷൻ നമ്പർ എഴുതേണ്ടതുള്ളൂ. മറ്റു പേജുകളിൽ പള്ളിയുടെ സീലോ, രജിസ്ട്രേഷൻ നമ്പറോ എഴുതരുത്. NB: സ്പെഷൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള കുട്ടികളുടെ ഉത്തരക്കടലാസ് ഒരു Seperate Cover-ൽ 'Special registration' എന്ന് കവറിനു മുകളിൽ എഴുതി കൊടുത്തുവിടേണ്ടതാണ്.

**4 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്**

X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെ പ്രഥമ ഘട്ടം ഫെബ്രുവരി 20, 21 തിയ്യതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തുന്നതിന് ഓരോ യൂണിറ്റിൽനിന്നും 2 പേരെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.

5 **പ്രധാനാദ്ധ്യാപക സമ്മേളനം :** ഫെബ്രുവരി 6-ാം തിയ്യതി ശനിയാഴ്ച 10 am മുതൽ 2 pm വരെ വിദ്യാജ്യോതിയിൽവച്ച് പ്രധാന അദ്ധ്യാപകരുടെ സമ്മേളനം നടക്കുന്നതാണ്. എല്ലാ പ്രധാന അദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

NB : എല്ലാ വാർഷിക പരീക്ഷാ ചോദ്യപേപ്പറുകളും അന്നേ ദിവസം കൊണ്ടു പോകാവുന്നതാണ്. പ്രസ്തുത മീറ്റിങ്ങിൽ സംബന്ധിക്കുവാൻ കഴിയാത്തവർ ഉത്തരവാദിത്വമുള്ള ആരെയെങ്കിലും പങ്കെടുപ്പിക്കേണ്ടതാണ്.

**6. മതാദ്ധ്യാപക പരീക്ഷ**

ഫെബ്രുവരി 28 ഞായറാഴ്ച 11 am മുതൽ 12.30 pm വരെ.

NB: എല്ലാ മതാദ്ധ്യാപകരും പരീക്ഷയുടെ പ്രാധാന്യവും ഗൗരവവും ഉൾക്കൊണ്ട് പരീക്ഷ എഴുതുവാൻ ശ്രദ്ധിക്കുമല്ലോ. “സീറോമലബാർ സഭയുടെ ആരാധന ക്രമവിശ്വാസപരിശീലനം” എന്ന പുസ്തകത്തിൽ നിന്നും ‘കേരളസഭാ മാസിക’ 2015 ജൂൺ മുതൽ ഡിസംബർ വരെയുള്ള കേരളസഭയിൽനിന്നും ആണ് പരീക്ഷയ്ക്ക് ഉണ്ടാകുക. ചോദ്യാവലിപുസ്തകം മതബോധന കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്.

**7 ഗ്രെയ്സ് ഫെസ്റ്റ് 2016 ആകർഷകമാക്കാൻ**

മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെയും, ഏപ്രിൽ 4 മുതൽ 8 വരെയും ഈ വർഷം ഗ്രെയ്സ് ഫെസ്റ്റ് നടത്താവുന്നതാണ്.

**1. അദ്ധ്യാപകർക്കൊരു ഹാൻഡ് ബുക്ക്**

ഗ്രെയ്സ് ഫെസ്റ്റ് 2016 വിജ്ഞാനപ്രദമാക്കാൻ അദ്ധ്യാപകർക്ക് ഒരു സഹായി. ‘കാരുണ്യം’ എന്ന വിഷയത്തെ 5 പാഠങ്ങളായി തിരിച്ചു നൽകിയിരിക്കുന്നു.

**2. വർക്ക് ബുക്കുകൾ (3 വിഭാഗം LP/ UP/ HS, HSS)**

മൂന്ന് വിഭാഗങ്ങൾക്ക് പ്രത്യേകം വർക്ക് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നു. ഓരോ ദിവസത്തെയും പാഠങ്ങളുടെ വെളിച്ചത്തിൽ കുട്ടികൾക്ക് ഹോംവർക്കുകൾ നൽകിയിരിക്കുന്നു. ഏറ്റവും മികച്ച രീതിയിൽ വർക്ക്ബുക്കിലെ പ്രവർത്തനങ്ങളും ഹോംവർക്കുകളും ചെയ്യുന്ന കുട്ടിക്ക് പ്രത്യേകം സമ്മാനം നൽകാവുന്നതാണ്.

**3 Action Song Video DVD**

ഗ്രെയ്സ് ഫെസ്റ്റ് ഉല്ലാസപ്രദമാക്കാൻ പത്ത് പാട്ടുകളടങ്ങുന്ന വീഡിയോ DVD തയ്യാറാക്കിയിട്ടുണ്ട്. ഓരോ ദിവസത്തിലും പ്രത്യേകസമയം Action Song പരിശീലനത്തിനായി മാറ്റിവെക്കേണ്ടതാണ്.

**4 Audio Skits**

ഗ്രെയ്സ് ഫെസ്റ്റ് കൂടുതൽ ആകർഷകമാക്കാൻ കുട്ടികൾക്ക് രംഗത്ത് അവതരിപ്പിക്കാവുന്ന രീതിയിൽ 10 സ്കിറ്റുകളുടെ ശബ്ദ രേഖയടങ്ങുന്ന Audio CD ഈ വർഷം പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്നു. വിശദമായ സ്ക്രിപ്റ്റ് അദ്ധ്യാപകർക്കുള്ള ഹാൻഡ് ബുക്കിൽ ചേർത്തിട്ടുണ്ട്. ആവശ്യമായ തയ്യാറെടുപ്പുകളോടെ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് എല്ലാ സ്കിറ്റുകളും അവതരിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

NB: മുകളിൽ പറഞ്ഞിരിക്കുന്ന, ഹാൻഡ് ബുക്ക് വർക്ക് ബുക്കുകൾ, Action Song Video DVD, Audio CD ഫെബ്രുവരി 20-ാം തിയ്യതിക്കുള്ളിൽ ഓർഡർ ചെയ്യേണ്ടതാണ് (വർക്ക് ബുക്കിന്റെ വില ഒന്നിന് 15/- രൂപ, 2 സി.ഡി. 40/- രൂപ).

**5 ഗ്രെയ്സ് ഫെസ്റ്റ് Training Programme**

1 മുതൽ 7 (LP; UP) അദ്ധ്യാപകർക്ക് ട്രെയിനിങ്ങ് 05. 03. 2016 ശനിയാഴ്ചയും 8 മുതൽ 12 വരെ (HS, HSS) ക്ലാസ്സിലെ അദ്ധ്യാപകർക്ക് 12. 03. 2016 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ രൂപത മതബോധന കേന്ദ്രത്തിൽവെച്ച് നടത്തപ്പെടുന്നതാണ്. ഓരോ വിഭാഗത്തിൽനിന്ന് രണ്ട് അദ്ധ്യാപകരെങ്കിലും പങ്കെടുത്ത് വിജയകരമാക്കാൻ ശ്രദ്ധിക്കുമല്ലോ.

8 **25/50 വർഷം പൂർത്തിയാക്കിയ മതാധ്യാപകർ :** 25/50 വർഷം പൂർത്തിയാക്കിയ മതാധ്യാപകരുടെ പേരുകൾ, വിശദവിവരങ്ങൾ എന്നിവ മാർച്ച് 19-ന് മുൻപ് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടെ മതബോധനകേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്. പേരും അഡ്രസ്സും ഇംഗ്ലീഷ് ക്യാപിറ്റൽ ലെറ്ററിൽ എഴുതേണ്ടതാണ്.

7 **സ്കോളർഷിപ്പ് :** ഇരിങ്ങാലക്കുട, ചാലക്കുടി, മാള മേഖലകളിൽ വെച്ച് നടത്തുന്നു. സൺഡേസ്കൂൾ മതബോധനം IV, VII ക്ലാസ്സുകാർക്കും, വചനം എന്റെ ജീവൻ V, VI, VIII, IX ക്ലാസ്സുകാർക്കും ആയിരിക്കും പരീക്ഷ. ഓരോ യൂണിറ്റിൽനിന്ന് 60%ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് കുട്ടികൾക്കും 'വചനം എന്റെ ജീവൻ' ഏറ്റവും നന്നായി ചെയ്ത മൂന്ന് കുട്ടികൾക്കും വീതമാണ് പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത്. സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ മാർച്ച് 1 മുതൽ 15 തീയതി വരെയായിരിക്കും. സ്കോളർഷിപ്പ് ഫോം 2 കോപ്പി വീതം ഇംഗ്ലീഷ് ക്യാപിറ്റൽ ലെറ്ററിൽ പൂരിപ്പിച്ച് മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. പരീക്ഷ : ഏപ്രിൽ 11 തിങ്കൾ 10 am - to 11.30, 12.30 -1.30 pm

## DAILY CATECHISM & MORAL SCIENCE

1 **സ്കൂൾ മതസന്മാർഗ്ഗബോധന സ്കോളർഷിപ്പ് പരീക്ഷ :** ഈ വർഷം Std X, XII Moral Science സ്കോളർഷിപ്പ് പരീക്ഷ രൂപതയിൽ ഉണ്ടായിരിക്കുന്നതല്ല. Daily & Moral Science സ്കോളർഷിപ്പ് പരീക്ഷ IV, VII ക്ലാസ്സുകാർക്കും, Daily Catechism X-ാം ക്ലാസ്സുകാർക്കും രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി മാർച്ച് 14 തിങ്കളാഴ്ച വരെയായിരിക്കും. സ്കോളർഷിപ്പ് ഫോം 2 കോപ്പി വീതം ഇംഗ്ലീഷ് Capital Letter-ൽ പൂരിപ്പിച്ച് മതബോധനകേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്. വാർഷികപരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 3 കുട്ടികൾക്കേ അർഹതയുള്ളൂ.
സ്കോളർഷിപ്പ് പരീക്ഷ : ഏപ്രിൽ 12 ചൊവ്വ.
സമയം 10 am–11.30 am

**പരീക്ഷ നടത്തുന്ന മേഖലകൾ**

I ലിറ്റിൽ ഫ്ളവർ സ്കൂൾ, ഇരിങ്ങാലക്കുട.
II എസ്.എച്ച് സ്കൂൾ, ചാലക്കുടി,
III സെന്റ് ആന്റണീസ് സ്കൂൾ, മാള.

**ഫാ. ടോം മാളിയേക്കൽ**
ഡയറക്ടർ

## കെ.എൽ.എം.

1. **ലീഡേഴ്സ് മീറ്റ്**

31.01.2016 ഉച്ചയ്ക്ക് 2 മണിക്ക് ആളൂർ കെ.എൽ.എം. ഓഫീസിൽ വെച്ച് ലീഡേഴ്സ് മീറ്റ് നടത്തുന്നു. ഓരോ യൂണിറ്റിൽനിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഒരു വനിതാ പ്രതിനിധി എന്നിവരാണ് പങ്കെടുത്തത്.

2 **SNTU പുതുക്കൽ**

കെട്ടിടനിർമ്മാണ ക്ഷേമനിധി അംഗത്വം പുതുക്കൽ 21.02.2016 ഉച്ചയ്ക്ക് 2 മണിക്ക് ആളൂർ കെ.എൽ.എം. ഓഫീസിൽവച്ച് നടത്തുന്നു. പുതുക്കുന്നതിന് കൊണ്ടുവരേണ്ട രേഖകൾ : ക്ഷേമനിധി ID ബുക്ക്, പാസ്ബുക്ക്, ഏറ്റവും അവസാനം വരിസംഖ്യ അടച്ച ചലാൻ എന്നിവയുടെ ഒറിജിനലും ആധാറിന്റെ കോപ്പി, ക്ഷേമനിധി ID ബുക്കിന്റെ കോപ്പികൾ, റേഷൻ കാർഡ് നമ്പർ, 125 രൂപയും.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ




**1 'കാരുണ്യമാണ് ദൈവനാമം' : പാപ്പാ ഫ്രാൻസിസിന്റെ പ്രഥമ പുസ്തകം**

വിശേഷമൂല്യങ്ങളിലേക്ക് തിരികെ പോകാനുള്ള ആഹ്വാനമാണ് പാപ്പാ ഫ്രാൻസിസിന്റെ പ്രഥമഗ്രന്ഥമെന്ന് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി, കർദ്ദിനാൾ പിയെത്രോ പരോളിൻ പ്രസ്താവിച്ചു. 'കാരുണ്യമാണ് ദൈവനാമം' (The Name of God is Mercy) എന്നാണ് ഈ പുസ്തകത്തിന്റെ പേര്. പാപത്തെ വെറുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന സഭ പാപിയോട് ക്ഷമിക്കുകയും കരുണ കാണിക്കുകയും വേണമെന്ന വീക്ഷണമാണ് പാപ്പയുടെ ഈ പുസ്തകം. നല്ലിടയനും, ധൂർത്തപുത്രനെ ആശ്ലേഷിച്ച് സ്വീകരിക്കുന്ന പിതാവും, ഏഴെഴുപത് പ്രാവശ്യം ക്ഷമിക്കാനുള്ള ആഹ്വാനവും, സക്കേവൂസും ചുങ്കക്കാരൻ മത്തായിയും, കുരിശിൽ മരിക്കുമ്പോൾ ക്ഷമ കാണിച്ച ക്രിസ്തുവും, 99 നീതിമാന്മാരെക്കാൾ അനുതപിച്ചെത്തുന്ന പാപിയെ ഓർത്തുള്ള സ്വർഗ്ഗത്തിലെ സന്തോഷവുമെല്ലാം വാക്കുകളിൽ പാപ്പ ലളിതമായി വരച്ചു കാട്ടുന്നു. ദൈവപിതാവിന്റെ അനന്തമായ കാരുണ്യവും സ്നേഹവുമാണ് ഈ പുസ്തകമെന്ന് കർദ്ദിനാൾ പരോളിൻ പ്രസ്താവിച്ചു.

**2 നിരാലംബരോടുള്ള അവഗണന അവസാനിപ്പിക്കണം : മാർപാപ്പ**

ദരിദ്രർ, രോഗികൾ, കുടിയേറ്റക്കാർ, പ്രായം ചെന്നവർ, തടവുകാർ തുടങ്ങിയ ദുർബലവിഭാഗങ്ങളോട് ആഗോളസമൂഹം കാണിക്കുന്ന നിസ്സംഗതയ്ക്ക് എതിരേ ഫ്രാൻസിസ് മാർപാപ്പ മുന്നറിയിപ്പ് നൽകി. കരുണയുടെ വിശുദ്ധ വത്സരത്തിൽ തടവുകാർക്ക് പൊതുമാപ്പ് നൽകുന്ന കാര്യം പരിഗണിക്കാൻ ഭരണകൂടങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്തു. കുറഞ്ഞ പക്ഷം വധശിക്ഷ നിർത്തലാക്കുകയെങ്കിലും ചെയ്യണം. വാർഷിക സമാധാന സന്ദേശത്തിലാണ് നിസ്സംഗതയുടെ ആഗോളവൽക്കരണത്തിനെതിരേ മാർപാപ്പ വിരൽ ചൂണ്ടിയത്. തൊഴിൽ രഹിതർക്കു ജോലിയും രോഗികൾക്ക് വൈദ്യസഹായവും ഉറപ്പാക്കാൻ സർക്കാരുകൾ നടപടി സ്വീകരിക്കണം.

3 **സഭൈക്യചിന്തകളെ പ്രോത്സാഹിപ്പിക്കണം : മാർ ആലഞ്ചേരി**

സംവാദത്തിലൂടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണത്തിലൂടെയും സഭൈക്യചിന്താഗതികളെ പ്രോത്സാഹിപ്പിക്കാൻ സഭാശുശ്രൂഷകർക്കും വിശ്വാസിസമൂഹത്തിനും കടമയുണ്ടെന്നു സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഓർമ്മിപ്പിച്ചു. പ്രസിദ്ധമായ അങ്കമാലി സെന്റ് ഹോർമിസ് കിഴക്കേ പള്ളിയുടെ പുനർകൂദാശ നിർവ്വഹിച്ചു സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

4 **കാരുണ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുഭവിക്കാനാവണം : സിനഡ്**

കാരുണ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പകരാനും അനുഭവിക്കാനും സാധിക്കണമെന്നു സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 24-ാം സിനഡ് ആഹ്വാനം ചെയ്തു. കാരുണ്യപ്രവർത്തനം സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. സഭാജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും കാരുണ്യസ്പർശം പടരേണ്ടതുണ്ട്. എല്ലാവർക്കുമായി എല്ലായ്പ്പോഴും നീതിയുടെയും അനുരഞ്ജനത്തിന്റെയും വഴികൾ തുറക്കപ്പെടണം. കാരുണ്യപ്രവർത്തനങ്ങളിൽ സഭാശരീരത്തിലെ എല്ലാ വിഭാഗങ്ങളും പങ്കാളികളാകണമെന്നും സിനഡ് ഓർമ്മിപ്പിച്ചു. ജനുവരിയിൽ 8-ാം തിയ്യതി മുതൽ 12 വരെ നടന്ന സിനഡിൽ 48 മെത്രാന്മാരാണ് പങ്കെടുത്തത്.

5 **ചെന്നൈമിഷന് ഇരിങ്ങാലക്കുട രൂപതയിൽനിന്ന് 50 ലക്ഷം**

പ്രളയം ദുരന്തം വിതച്ച ചെന്നൈയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായമായി ഇരിങ്ങാലക്കുട രൂപത 50 ലക്ഷം രൂപ സംഭാവന ചെയ്തു. രൂപതയിലെ വ്യത്യസ്തങ്ങളായ ഇടവകകൾ, സന്യാസ-സന്ന്യാസിനി സമൂഹങ്ങൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയിൽനിന്ന് ഒരു മാസം കൊണ്ട് ശേഖരിച്ച സംഖ്യ ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ചെന്നൈ മിഷൻ കോ-ഓർഡിനേറ്ററായ മോൺ. ജോസ് ഡി. ഇരിമ്പന് കൈമാറി. ഇരിങ്ങാലക്കുട രൂപത ജനുവരി 2ന് നടത്തിയ പ്രേഷിത സംഗമത്തിൽ വച്ചാണ് ഈ തുക നൽകിയത്. ഭവനനിർമ്മാണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും കൗൺസലിങ്ങ് പദ്ധതികൾക്കുമായാണ് ഈ തുക വിനിയോഗിക്കുകയെന്ന് മോൺ. ജോസ് ഡി. ഇരിമ്പൻ പറഞ്ഞു. പദ്ധതിയിൽ സഹകരിച്ച ഏവർക്കും രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തി.

**ഫാ. നെവിൻ ആട്ടോക്കാരൻ**

# KRAMTH

**ദൈവകാരുണ്യത്തിന്റെ വഴികൾ - ദൈവശാസ്ത്രകോഴ്സ്**
കരുണയുടെ വർഷത്തിൽ ദൈവകാരുണ്യം നിറഞ്ഞുതുളുമ്പിയ യേശുക്രിസ്തുവിന്റേയും അവിടത്തെ അമ്മയായ പരി. ജനനിയുടേയും കാരുണ്യം തൂകിയ നിറവഴികളിലൂടെ, ദൈവശാസ്ത്രപരമായ ചിന്തകളോടെ ഒരു യാത്ര. **കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി**യുടെ (KRAMTH) ആഭിമുഖ്യത്തിൽ കല്ലേറ്റുംകര PACSൽ വച്ച് 2016 ഫെബ്രുവരി 13 മുതൽ ഏപ്രിൽ 9 വരെയുള്ള ശനിയാഴ്ചകളിൽ (2.00pm-5.30pm) **കാരുണ്യവർഷത്തോടനുബന്ധിച്ച് ദൈവശാസ്ത്രകോഴ്സ് (ദൈവകാരുണ്യത്തിന്റെ വഴികൾ)** സംഘടിപ്പിച്ചിരിക്കുന്നു. ദൈവശാസ്ത്രജ്ഞരായ വിദഗ്ധർ ക്രിസ്തുശാസ്ത്രം, മരിയവിജ്ഞാനീയം, അനുരഞ്ജന കൂദാശ എന്നീ വിഷയങ്ങളെ ആധാരമാക്കി ക്ലാസ്സുകൾ നയിക്കുന്നു. പഠനോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഫെബ്രുവരി 10-നു മുമ്പായി പേരുകൾ നല്കുക. റജിസ്ട്രേഷൻ ഫീ 250 രൂപ. ഫോൺ: 9946512176; 9400148602

## ബി. എൽ. എം. ധ്യാനകേന്ദ്രം

**ഫെബ്രുവരി മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

| | | |
|---|---|---|
| 4, 5, 6, 7 | : | ആന്തരീകസൗഖ്യധ്യാനം |
| 11, 12, 13, 14 | : | യുവജന ധ്യാനം |
| 18, 19, 20, 21 | : | പാപമോചനപരിഹാരധ്യാനം |
| 25, 26, 27, 28 | : | ആന്തരീകസൗഖ്യധ്യാനം |

**മറ്റു ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ.
* **ജാഗരണ പ്രാർത്ഥന :** രണ്ടാം ഞായറാഴ്ച (14.02.2016) വൈകീട്ട് 7 മുതൽ തിങ്കളാഴ്ച പുലർച്ചെ 12.00 വരെ.
* **വിധവകൾക്കും ഏകസ്ഥർക്കുമുള്ള ഏകദിനധ്യാനം :** രണ്ടാം തിങ്കളാഴ്ച (8.02.2016) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ

**ഫാ. നിക്സൻ ചാക്കോര്യ**
ഡയറക്ടർ

## സോഷ്യൽ ആക്ഷൻ

1. **സുരക്ഷിത ഭക്ഷണ പാചകം & പഴം, പച്ചക്കറി സംസ്കരണ പരിശീലനം :** ഇരിങ്ങാലക്കുട രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ സോഷ്യൽ ആക്ഷൻ ഫോറം, നബാർഡുമായി സഹകരിച്ച് 'ഗ്രാമശ്രീ' വനിതാ സ്വാശ്രയ സംഘങ്ങൾക്കായി 13 ദിവസം നീണ്ടുനിന്ന 'സുരക്ഷിത ഭക്ഷണ പാചകവും പഴംപച്ചക്കറി സംസ്കരണവും' എന്ന പരിശീലന പരിപാടി സോഷ്യൽ ആക്ഷൻ ഫോറം ഓഡിറ്റോറിയത്തിൽ നടന്നു.
2. **പാചകത്തിലും പച്ചക്കറി സംസ്കരണത്തിലും പരിശീലനം എലിഞ്ഞിപ്രയിൽ :** നബാർഡും സോഷ്യൽ ആക്ഷൻ ഫോറവുമായി സഹകരിച്ച് ചാലക്കുടി മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട 30 വനിതാ സ്വാശ്രയസംഘാംഗങ്ങൾക്കായി പാചകകലയിലും പച്ചക്കറി സംസ്കരണത്തിലും പരിശീലനം നല്കുന്നു. 2016 ഫെബ്രുവരി 24 മുതൽ 13 ദിവസങ്ങളിലായി എലിഞ്ഞിപ്ര ബെത്‌ലെഹം പാരീഷ് ഹാളിൽ നടക്കുന്ന പരിശീലന പരിപാടിക്ക് പാചക വിദഗ്ധ ശ്രീമതി ദേവിക മനോഹരനാണ് നേതൃത്വം നല്കുന്നത്.
3. **രക്ഷാകർത്താക്കൾക്കായി ബോധവത്കരണ സെമിനാർ**
   ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷാകർത്താക്കൾക്കായി ആളൂർ, വേളൂക്കര, വെള്ളാങ്കല്ലൂർ, പൂമംഗലം, പുത്തൻചിറ എന്നീ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ 'ഭിന്നശേഷിയുള്ള കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും, സമൂഹത്തിൽ അവർ നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി കൊറ്റനെല്ലൂർ ആശാനിലയം സ്പെഷൽ സ്കൂളിൽ ഫെബ്രുവരി രണ്ടാം വാരത്തിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
4. **ഗോൾഡ് മെഡൽ ജേതാവ് ശരത് വിത്സന് സ്വീകരണം**
   സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് ഭിന്നശേഷിയുള്ള കുട്ടികൾക്കായി അടിമാലി കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ 2016 ജനുവരി എട്ട്, ഒമ്പത് തീയതികളിൽ നടത്തിയ സംസ്ഥാന മീറ്റിൽ ഒരു കിലോമീറ്റർ, രണ്ട് കിലോമീറ്റർ സൈക്കിൾ റെയ്സ് മത്സരങ്ങളിൽ രണ്ടിലും കൊറ്റനെല്ലൂർ ആശാനിലയം സ്പെഷ്യൽ സ്കൂളിലെ ശരത് വിൽസൺ ഗോൾഡ് മെഡലുകൾക്ക് അർഹനായി. സംസ്ഥാന ഗോൾഡ് മെഡൽ ജേതാവായ ശരത് വിത്സന്

ആശാനിലയം ഉജ്ജ്വല സ്വീകരണംനല്കി.

5. **ആശാനിലയം സ്പെഷൽ സ്കൂൾ, കൊറ്റനെല്ലൂർ :** സ്കൂളിന്റെ 18-ാമത് വാർഷികാഘോഷം 2016 ഫെബ്രുവരി 25 വ്യാഴാഴ്ച വൈകീട്ട് 5.30-ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മഹനീയ അധ്യക്ഷതയിൽ ആഘോഷിക്കുന്നു.

6. **സാന്തോം സ്പെഷൽ സ്കൂൾ, എടമുക്ക്, കൊടുങ്ങല്ലൂർ**
കേരള ഗവൺമെന്റിന്റെ പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരം അംഗീകാരം (നമ്പർ 1009/2015) ലഭിച്ച കൊടുങ്ങല്ലൂർ സാന്തോം സ്പെഷൽ സ്കൂളിന്റെ പതിനായിരത്തിലേറെ ചതുരശ്ര അടി വിസ്തീർണമുള്ള പുതിയ രണ്ടുനില കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. 2016 മാർച്ച് 30-ന് പുതിയ സ്കൂൾ കെട്ടിടത്തിന്റെ ആശീർവാദകർമവും ഉദ്ഘാടനവും സ്കൂൾ വാർഷികവും നടത്തപ്പെടുന്നു.

7. **റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജിയണൽ ഡയറക്ടറുടെ ഫെഡറൽ ആശ്വാസ് സന്ദർശനം**
സോഷ്യൽ ആക്ഷൻ ഫോറം ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫെഡറൽ ആശ്വാസ് ഫിനാൻഷ്യൽ ലിറ്ററസി സെന്റർ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജണൽ ഡയറക്ടർ ശ്രീ. നിർമൽ ചന്ദ്, ഫെഡറൽ ബാങ്ക് ചെയർമാൻ ശ്രീ. ശ്യാം ശ്രീനിവാസൻ, ഫെഡറൽ ആശ്വാസ് ട്രസ്റ്റി ശ്രീ. മാധവൻ, ഫെഡറൽ ബാങ്ക് ഇരിങ്ങാലക്കുട റീജണൽ മാനേജർ ശ്രീമതി രാജലക്ഷ്മി, ചീഫ് മാനേജർ ശ്രീ. കെ.ജെ. ജോജോ എന്നിവർ ജനുവരി 19-ന് ഔദ്യോഗിക സന്ദർശനം നടത്തി.

8. **SPED III പദ്ധതിയുടെ വിലയിരുത്തൽ**
പദ്ധതിയുടെ ഇക്കഴിഞ്ഞ കാലഘട്ടങ്ങളിലെ പ്രവർത്തന അവലോകനവും വിലയിരുത്തലും ജനുവരി 20, 21 തീയതികളിൽ പാറക്കടവ് പാരീഷ് ഹാളിൽ 20 വില്ലേജുകളിലെ VAT പ്രതിനിധികളുടെ സാന്നിധ്യത്തിൽ സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ കേന്ദ്ര ഓഫീസ് അധികാരികൾ നടത്തുന്നു.

9. **JLG കൾക്കുള്ള കാർഷിക ബാങ്ക് വായ്പ :** 2015-2016 സാമ്പത്തിക വർഷത്തിൽ ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് സോഷ്യൽ ആക്ഷൻ ഫോറം നടപ്പിലാക്കുന്ന 340 ജെ.എൽ.ജി. കൾക്കുള്ള കാർഷിക ബാങ്ക് വായ്പ വിതരണം ജനുവരി 29-ന് പൂർത്തിയാക്കി. ആകെ10 കോടി 20 ലക്ഷം രൂപയാണ് വ്യത്യസ്ത കാർഷിക സംരംഭങ്ങൾക്ക് വായ്പയായി വിതരണംചെയ്തത്.

**ഫാ. ജോസ് മഞ്ഞളി**
എക്സിക്യൂട്ടീവ് ഡയറക്ടർ

## ചെന്നൈ മിഷൻ

1 **ചെന്നൈ ബൈബിൾ കൺവെൻഷൻ ഫിയാത്ത് 2016 ലോഗോ പ്രകാശനം ചെയ്തു.**

സീറോ മലബാർ കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ സർപ്പിത സംഗമം നടന്ന ദിനത്തിൽ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് ഇരിങ്ങാലക്കുട രൂപതാ ബിഷപ്പ് എമിരറ്റസ് മാർ ജെയിംസ് പഴയാറ്റിൽ ഷിക്കാഗോ രൂപത ഓക്സിലറി ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിന്റെ സാന്നിദ്ധ്യത്തിൽ ചെന്നൈ ബൈബിൾ കൺവെൻഷൻ 'ഫിയാത്ത് 2016' ലോഗോ പ്രകാശനം ചെയ്തു. സീറോ മലബാർ ചെന്നൈ മിഷൻ കോ ഓർഡിനേറ്റർ മോൺ. ഡോ. ജോസ് ഇരിമ്പൻ അദ്ധ്യക്ഷത വഹിച്ചു. ചെന്നൈ ബൈബിൾ കൺവെൻഷൻ ഫിയാത്ത് 2016 ഈ വർഷം നടത്തപ്പെടുക ലോകപ്രസിദ്ധമായ ശാലോം ടീമിന്റെ നേതൃത്വത്തിലായിരിക്കും.

2 **സീറോ മലബാർ സമർപ്പിത സംഗമം**

സീറോ മലബാർ കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ സമർപ്പിത സംഗമം നടന്നു. അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ നടന്ന ചടങ്ങ് ഇരിങ്ങാലക്കുട രൂപതാ ബിഷപ്പ് എമിരറ്റസ് മാർ ജെയിംസ് പഴയാറ്റിൽ ഉദ്ഘാടനം ചെയ്തു. സീറോ മലബാർ ചെന്നൈ മിഷൻ കോ ഓർഡിനേറ്റർ മോൺ. ജോസ് ഇരിമ്പൻ അദ്ധ്യക്ഷത വഹിച്ചു. ഷിക്കാഗോ രൂപത ഓക്സിലറി ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, ഫാ. ജോസ് കാവുങ്കൽ എന്നിവരെ ആദരിച്ചു. 1987 മുതൽ 1993 വരെ ചെന്നൈ മിഷന്റെ ഡയറക്ടറായിരുന്നു ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്. 1991 ൽ ചെന്നൈ മിഷന്റെ ചാപ്ളിനായിരുന്ന ഫാ. ജോസ് കാവുങ്കൽ പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുകയാണ്.

3 **ചിക്കാഗോ രൂപതാ സഹായമെത്രാൻ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് പിതാവിന് ചെന്നൈ സീറോ മലബാർ മിഷനിൽ ആദരിച്ചു.**

അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ നടന്ന ചടങ്ങിൽ ഇരിങ്ങാലക്കുട രൂപതാ ബിഷപ്പ് എമിരറ്റസ് മാർ ജെയിംസ് പഴയാറ്റിൽ സാന്നിദ്ധ്യത്തിൽ ഷിക്കാഗോ രൂപത ഓക്സിലറി ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് പിതാവിനെ ചെന്നൈ സീറോ മലബാർ മിഷൻ ആദരിച്ചു. 1987 മുതൽ 1993 വരെ ചെ

ന്നൈ മിഷന്റെ ഡയറക്ടറായിരുന്നു ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്. സീറോ മലബാർ ചെന്നൈ മിഷൻ കോ ഓർഡിനേറ്റർ മോൺ. ജോസ് ഇരിമ്പൻ അദ്ധ്യക്ഷത വഹിച്ചു. ദീർഘകാലം മിഷനിൽ ശുശ്രൂഷ ചെയ്ത അഭിവന്ദ്യ പിതാവ് തന്റെ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.

4 **ലിറ്റർജ്ജിക്കൽ ആർട്ടിക്കൾ സെന്റർ അയനാവരത്ത് പ്രവർത്തനം ആരംഭിച്ചു.**

അയനാവരത്തുള്ള സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ പുതുതായി ലിറ്റർജ്ജിക്കൽ വസ്തുക്കൾ വിൽക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. ചെന്നൈയിൽ സമർപ്പിത സംഗമം നടന്ന ദിനത്തിൽ ഇരിങ്ങാലക്കുട രൂപതാ ബിഷപ്പ് എമിരറ്റസ് മാർ ജെയിംസ് പഴയാറ്റിൽ ചിക്കാഗോ ഓക്സിലറി ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിന്റെ സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്തു. വിശുദ്ധ കുർബ്ബാനയ്ക്കും വിശുദ്ധ കർമ്മങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതാണ് പ്രസ്തുത സംരംഭം. ചെന്നൈ സീറോ മലബാർ മിഷൻ കോ ഓർഡിനേറ്റർ മോൺ. ഡോ. ജോസ് ഇരിമ്പനും മിഷനിലെ എല്ലാ വൈദീകരും സിസ്റ്റേഴ്സും അത്മായരും പ്രസ്തുത കർമ്മത്തിൽ സന്നിഹിതരായിരുന്നു.

**മോൺ. ജോസ് ഡി. ഇരിമ്പൻ**
കോ-ഓർഡിനേറ്റർ

---

## വൊക്കേഷൻ ബ്യൂറോ

**ജീവിതമാർഗ്ഗദർശന ക്യാമ്പ് – 2016**

സ്ഥലം : ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരി

തിയ്യതി : 2016 ഏപ്രിൽ 11 തിങ്കൾ രാവിലെ 8.30 മുതൽ 13 ബുധനാഴ്ച വൈകിട്ട് 4 മണി വരെ.

യോഗ്യത: മിനിമം SSLC

കൊണ്ടുവരേണ്ടത് : രജി. ഫീസ് 250/- രൂപ
വികാരിയച്ചന്റെ കത്ത്, നോട്ടുബുക്ക്,
പേന, ടോയ്ലറ്റ് സാധനങ്ങൾ

രജിസ്ട്രേഷൻ അവസാനിക്കുന്നത് : ഏപ്രിൽ 5 ചൊവ്വ

ബുക്ക് ചെയ്യേണ്ടത് : 2825194, 9495592270

**ഫാ. വിൻസന്റ് പാറയിൽ**
വൊക്കേഷൻ പ്രൊമോട്ടർ

# മാതൃസംഘം

**'മാതൃസംഘം - മാതൃവേദി' രൂപതാഭാരവാഹികൾ :** 2015 ഡിസംബർ 5-ന് കല്ലേറ്റുംകര പാക്സിൽവച്ച് കൂടിയ ജനറൽ ബോഡി യോഗത്തിലെ സെനറ്റ് മെമ്പേഴ്സിൽനിന്നും തെരഞ്ഞെടുത്തത്

| | | |
|---|---|---|
| പ്രസിഡന്റ് | : | ആലീസ് തോമസ്, വള്ളിവട്ടം |
| വൈസ് പ്രസിഡന്റ് | : | ആനി ഔസേപ്പ്, ഇഞ്ചക്കുണ്ട് |
| സെക്രട്ടറി | : | റീസ നിക്സൻ, പുല്ലൂർ |
| ജോ. സെക്രട്ടറി | : | ഷെൽഡി വർഗ്ഗീസ്, മാള |
| ട്രഷറർ | : | തുഷം സൈമൺ, മുരിയാട് |

ഗ്ലോബൽ സെനറ്റ് മെമ്പേഴ്സ് : ആലീസ് സെബാസ്റ്റ്യൻ, താഴെക്കാട്
റോസിലി പോൾ തട്ടിൽ, ഇരിങ്ങാലക്കുട

**സ്നേഹസംഗമം :** രൂപതാ മാതൃസംഘം നടത്തി വരുന്ന അവശരോടൊത്ത് 'സ്നേഹസംഗമം' എന്ന പരിപാടി ഈ വർഷം 2016 ഫെബ്രുവരി 6-ാം തിയ്യതി കൂടപ്പുഴ നിത്യസഹായമാതാ പള്ളിയിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

**കുറ്റിക്കാട് ഫൊറോന സംഗമം :** 2016 ഫെബ്രുവരി 20-ാം തിയ്യതി തൂമ്പാക്കോട് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ ഉച്ചയ്ക്ക് 1.30 മുതൽ 4 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

**ഫാ. വിൽസൻ എലുവത്തിങ്കൽ കൂനൻ**
ഡയറക്ടർ

# നവചൈതന്യ

**ഫെബ്രുവരി 2016**

| | |
|---|---|
| **6** | NARF മീറ്റിംങ്ങ് |
| 3 | പ്രാർത്ഥനാദിനം & സ്റ്റാഫ് മീറ്റിങ്ങ് |
| 7 | ഫോളോ അപ്പ് - ആദ്യ ഞായർ കൂട്ടായ്മ |
| 13-20 | ലഹരിവിമോചന പരിശീലന ക്യാമ്പ് |
| 14 | ജാഗരണ പ്രാർത്ഥന |
| 15 | റിസോഴ്സ് ടീം മീറ്റിംങ്ങ് |
| 20 | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിങ്ങ് |
| 22, 23, 24 | ഫീൽഡ് വിസിറ്റ് |
| 25 | ഔട്ട് റീച്ച് പ്രോഗ്രാം |

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

# അവാർഡ്

1. **യാത്രയയപ്പും സ്വീകരണവും :-** സാമൂഹ്യ സേവനസന്നദ്ധ സംഘടനയായ ചാലക്കുടി അവാർഡ് ഭവന്റെ സെക്രട്ടറി കം ട്രഷററായി ഒന്നര വർഷം സുത്യർഹസേവനം കാഴ്ച വച്ച ഫാ. ലിജോ കളപ്പറമ്പത്തിന് കൃതജ്ഞതയേകി ഭാവി ഭാസുര മംഗളങ്ങൾ ആശംസിച്ച് യാത്രയയപ്പ് നൽകി-പുതിയതായി ചാർജ്ജെടുക്കുന്ന ഫാ.എബിൻ പയ്യപ്പള്ളിക്ക് അവാർഡ് കുടുംബത്തിലേക്ക് ഊഷ്മളമായ സ്വാഗതവും ഹൃദ്യതാപൂർവ്വം വരവേല്പും നൽകി.

2. **ഗൃഹോപകരണപദ്ധതി :-** ചാലക്കുടി, മാള, പുത്തൻചിറ, കൊടകര, കുറ്റിക്കാട് ഫോറോനകളിലെ വിവിധ സംഘടനകളേയും സംഘങ്ങളേയും ഉൾപ്പെടുത്തികൊണ്ട് മേന്മയേറിയ ഗൃഹോപകരണങ്ങൾ ഭവനങ്ങളിൽ എത്തിച്ചുകൊടുക്കുന്നു. അതാത് പ്രദേശത്തെ ഏജന്റുമാർ മുഖേന 23 ആഴ്ചകളിലായി തവണ വ്യവസ്ഥകളിൽ പണമിടപാട് നടത്തുകയും ഏജന്റുമാർക്ക് ആനുപാതികമായി കമ്മീഷൻ തുക നൽകുകയും ചെയ്യുന്നു. 14-ാം ഘട്ട ഗൃഹോപകരണ പദ്ധതിയിൽ 45 ഏജന്റുമാർ മുഖേന 1735 ഗുണഭോക്താക്കൾക്ക് 1955 വസ്തുക്കൾ വിതരണം ചെയ്തു. 15-ാം ഘട്ട പദ്ധതിയിൽ വ്യത്യസ്തങ്ങളായ നൂതന ഗാർഹികോപകരണങ്ങൾ ഉൾപ്പെടുത്തികൊണ്ട് 2016 ഫെബ്രുവരി ഒന്നു മുതൽ തുടക്കം കുറിക്കുന്നു. പ്രകൃതിദത്ത ഉല്പന്നങ്ങളായ തേൻ, വിവിധയിനം സ്ക്വാഷുകൾ, എന്നിവ മിതമായ നിരക്കിൽ എല്ലാ ദിവസവും അവാർഡിൽ വില്പന നടക്കുന്നു.

3. **AVARD TEAM Meeting:-** ജനുവരി മാസത്തെ പ്രവർത്തനങ്ങൾ അവതരിപ്പിച്ച് ആവശ്യമായ നിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും നൽകുവാനും താസ പ്രവർത്തനങ്ങളെ കൂട്ടായി ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നതിനും ആയി ടീം ഫെബ്രുവരി 03-ാം തിയ്യതി അവാർഡിൽ ഒത്തുചേരുന്നു.

4. **സംയോജിത കൂട്ടുത്തരവാദിത്വ സംഘം (JLG) :-** “ജൈവ കാർഷിക മുന്നേറ്റവും, സ്വയം തൊഴിൽ വർദ്ധനവും” ലക്ഷ്യം വെച്ചു കൊണ്ട് കാർഷിക ബാങ്കായ നബാർഡുമായി സഹകരിച്ച് ഗ്രാമീണ മേഖലയിൽ അവാർഡ് JLG പ്രവർത്തനങ്ങൾ നടത്തുന്നു. Bank of India വഴി 50 JLG കൾക്ക് വായ്പ അനുവദി

ക്കുയും ഒരു വർഷം പിന്നിട്ട 12 ഗ്രൂപ്പുകൾക്ക് വീണ്ടും ലോൺ ലഭ്യമാക്കുകയും ചെയ്തു.

5. **Gliter Child Care :** കുട്ടികളുടെ പഠന വൈകല്യങ്ങളെ നേരിടുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ ശനിയാഴ്ച ദിവസങ്ങളിൽ വിദഗ്ദ്ധരുടെ സാങ്കേതികതയോടെ അവാർഡിൽ നടക്കുന്നു.

6. **Counselling :-** ഫാമിലി കൗൺസിലിംഗ് സെന്ററുകളില്ലാത്ത സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ കൗൺസിലിംഗ് നടത്തുന്നതിന്റെ ഭാഗമായി ചൊവ്വ-വ്യാഴം ദിവസങ്ങളിൽ മാളയിലെ Brain Society യിൽ അവാർഡ് കൗൺസിലിംഗ് നടത്തുന്നു.

7. **Counselling at Family Court :-** ഒന്നിടവിട്ട വ്യാഴാഴ്ചകളിൽ ചാലക്കുടി കുടുംബ കോടതിയിൽ അവാർഡ് കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുന്നു.

8. **Service Providing Center :-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യ സേവനം തിങ്കൾ -ബുധൻ-വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാകുന്നു.

9. **കാരുണ്യ ഭക്ഷണം വിതരണം :-** കാരുണ്യ വർഷാചരണത്തിന്റെ ഭാഗമായി ചാലക്കുടി സൗത്ത് ഫ്ളൈ ഓവറിനു താഴെ അവധി ദിവസങ്ങളൊഴികെ എല്ലാ ദിവസവും അവാർഡിന്റെ നേതൃത്വത്തിൽ ചാലക്കുടി പൗരാവലിയുടെ സഹകരണത്തോടെ ഉച്ച ഭക്ഷണം വിതരണം ചെയ്യുന്നു.

10. **Physio & Speech Therapy :-** ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഫിസിയോ തെറാപ്പിയും, സംസാര വൈകല്യമുള്ളവർക്ക് സ്പീച്ച് തെറാപ്പിയും എല്ലാ പ്രവർത്തി ദിവസങ്ങളിലും അവാർഡിൽ നടത്തുന്നു.

11. **SARGA MEET 2016 :-** അവാർഡിന്റെ നേതൃത്വത്തിൽ പരിയാരം, മറ്റത്തൂർ, കോടശ്ശേരി, വരന്തരപ്പിള്ളി, അതിരിപ്പിള്ളി, കൊടകര, ആളൂർ, മേലൂർ, കൊരട്ടി, കാടുകുറ്റി എന്നീ 10 ഗ്രാമപഞ്ചായത്തുകളിലും, ചാലക്കുടി നഗരസഭ പ്രദേശത്തു മായി അധിവസിച്ചു വരുന്ന ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരും, പ്രത്യേക പരിഗണനാർഹരുടേതും ആയ ഗണങ്ങളുടെ സംഗമം-സർഗ മീറ്റ്-ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിൽ വെച്ച് 2016 ജനുവരി 26 ന് ചൊവ്വാഴ്ച്ച നടത്തപ്പെട്ടു.

**ഫാ. ജോസ് റാഫി അമ്പൂക്കൻ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# സാൻജോസദൻ

**ഇന്നലെകൾ**

ഡിസംബർ മാസത്തിൽ 32പേർ ചികിത്സ സ്വീകരിച്ച് ലഹരി വിരുദ്ധ ജീവിതം നയിക്കുന്നു. 20.12.15ൽ നടന്ന എ.എ. അൽ അനോൺ മീറ്റിങ്ങിൽ 115ഉം, അൽ അനോൺ മീറ്റിങ്ങിൽ 68ഉം പേർ പങ്കെടുത്തു. ബഹു. ജോസഫ് ഗോപുരം അച്ചൻ ദിവ്യബലിയർപ്പിച്ച് ക്രിസ്മസ് സന്ദേശം നൽകി. ഇടവേളയ്ക്കുശേഷം കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷം ഉദ്ഘാടനം ചെയ്തു. ക്രിസ്മസ് പാപ്പ മിഠായി വിതരണം ചെയ്തു. ക്രിസ്മസ് ഫ്രണ്ടിനെ എടുത്ത് സമ്മാനങ്ങൾ കൈമാറി. അതോടൊപ്പം തന്നെ വിവിധ കലാപരിപാടികൾ നടത്തി.

23.12.15ന് സാൻജോസദൻ + നവചൈതന്യ കുടുംബാംഗങ്ങൾ ഒരുമിച്ച് ക്രിസ്മസ് ആഘോഷം നടത്തി. ക്രിസ്മസ് ഫ്രണ്ട്സ് സമ്മാനങ്ങൾ കൈമാറി. ബഹു. ഫാ. ജെയ്സൻ കുടിയിരിക്കൽ ക്രിസ്മസ് സന്ദേശം നൽകി.

**ഫെബ്രുവരി - നാളെകൾ**

2 ക്ലിനിക്കൽ മീറ്റിങ്ങ്
3 ചികിത്സയിലിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ്
5 സ്റ്റാഫ് മീറ്റിങ്ങ്
9 ക്ലിനിക്കൽ മീറ്റിങ്ങ്
19 സാൻജോസദൻ പ്രാർത്ഥനാദിനം
21 എ.എ + അൽ അനോൺ മീറ്റിങ്ങ്
23 ക്ലിനിക്കൽ മീറ്റിങ്ങ്

**ഫാ. ജോസഫ് ഗോപുരം**
ഡയറക്ടർ



## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ജോൺ ചിറയത്ത് | 17-2-1982 |
| റവ. ഫാ. പിയൂസ് തെക്കേക്കര | 04-2-1987 |
| റവ. ഫാ. ജേക്കബ് പുതുശ്ശേരി | 13-2-1994 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Sr.) | 15-2-1994 |

# കെ.സി.എസ്.എൽ.

**സംസ്ഥാന കലോത്സവം ശതാബ്ദി സമാപനം :** കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവവും ശതാബ്ദി സമാപനവും ജനുവരി 8, 9 തിയ്യതികളിലായി കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽവച്ച് നടത്തി. 8-ാം തിയ്യതി രാവിലെ 10.45ന് ക്രൈസ്തവ പാരമ്പര്യം പകർന്നു നൽകിയ തോമാശ്ലീഹയെ അനുസ്മരിപ്പിച്ചുകൊണ്ട് കൊടുങ്ങല്ലൂരിൽനിന്നും വി. എവുപ്രാസ്യമ്മയുടെ ജന്മഗൃഹമായ എടത്തിരിത്തിയിൽനിന്നും വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ കബറിടം സ്ഥിതി ചെയ്യുന്ന കുഴിക്കാട്ടുശ്ശേരിയിൽനിന്നും ദീപശിഖയുമായി പ്രഘോഷണജാഥ നടത്തി. കുറ്റിക്കാട് ഫൊറോന പള്ളിയുടെ മുന്നിലുള്ള കപ്പേളയിൽനിന്ന് വിളംബരജാഥയിൽ നമ്മുടെ രൂപതയിലെ 18 സ്കൂളുകളിൽനിന്നും 1000ൽപ്പരം കുട്ടികൾ അണിനിരന്നു. കെ.സി.എസ്.എൽ. മുൻ സംസ്ഥാന ഡയറക്ടറും ബിജ്നോർ രൂപതാദ്ധ്യക്ഷനുമായ എമരിറ്റസ് മാർ ഗ്രേഷ്യൻ മുണ്ടാടൻ പിതാവ് സംസ്ഥാന കലോത്സവം ഉദ്ഘാടനം ചെയ്തു. ക്രിസ്തീയ പാരമ്പര്യകലകളായ ചവിട്ടുനാടകം, പരിചമുട്ട്, മാർഗ്ഗംകളി എന്നിവ അവതരിപ്പിച്ചു. 9-ാം തിയ്യതി രാവിലെ സംസ്ഥാന ജനറൽ സെക്രട്ടറി കെ.സി.എസ്.എൽ. പതാക ഉയർത്തി. 17 സ്റ്റേജികളിലായി കലാമത്സരങ്ങൾ നടന്നു. ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ സംസ്ഥാന സാഹിത്യമത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി.

ഇരിങ്ങാലക്കുട രൂപതാ പ്രഥമമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ സംസ്ഥാന കലാമത്സരത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും കലാമത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ നൽകുകയും ചെയ്തു. സംസ്ഥാനകലോത്സവവും ശതാബ്ദി സമാപനാഘോഷവും മനോഹരമാക്കുവാൻ സഹായസഹകരണങ്ങൾ നൽകിയ ഏവർക്കും നന്ദി.

**രൂപതാവാർഷികവും സമ്മാനദാനവും :** കെ.സി.എസ്.എൽ. രൂപതാവാർഷികവും സമ്മാനദാനവും അദ്ധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന പ്രധാന അദ്ധ്യാപകർക്കുള്ള യാത്രയയപ്പും 29-ാം തിയ്യതി 2 മണിക്ക് ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽവച്ച് നടത്തി. സംസ്ഥാന രൂപതാ കലാസാഹിത്യ മത്സരവിജയികൾക്ക് അഭിനന്ദനങ്ങൾ.

**ഫാ. ഷാജു ചിറയത്ത്**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

- ഡിസംബർ 18-ാം തിയ്യതി ആയിരുന്നു സെമിനാരിയിലെ ക്രിസ്മസ് ആഘോഷം. അന്നുതന്നെ ക്രിസ്മസ് ഫ്രണ്ടിനുള്ള ഗിഫ്റ്റുകൾ കൈമാറി.
- 19-ാം തിയ്യതി രാവിലെ ക്രിസ്മസ് അവധി ആരംഭിച്ചു. Re-Opening 29-ാം തിയ്യതിയായിരുന്നു.
- ജനുവരി 2-ാം തിയ്യതി കത്തീഡ്രൽ പള്ളിയിൽ സമർപ്പിത സംഗമമായിരുന്നു. ബ്രദേഴ്സ് ആ പരിപാടിയിൽ പങ്കെടുക്കുകയും സഹായിക്കുകയും ചെയ്തു.
- ചാവറയച്ചന്റെ തിരുനാളിനോടനുബന്ധിച്ച് ബ്രദേഴ്സ് എല്ലാവരും ജനുവരി 3ന് സുറിയാനിയിലുള്ള വി. ബലിയിൽ സംബന്ധിക്കാൻ ക്രൈസ്റ്റ് ആശ്രമത്തിലേക്ക് പോയി. ബഹു. ജോർജ്ജ് കാളനച്ചനാണ് ദിവ്യബലിയർപ്പിച്ചത്.
- ജനുവരി 10-ാം തിയ്യതി കത്തീഡ്രൽ പെരുന്നാളിൽ ബ്രദേഴ്സ് പങ്കെടുത്തു. പെരുന്നാൾ കുർബാനയിലും പ്രദക്ഷിണത്തിലും ഭക്തിപൂർവ്വം ബ്രദേഴ്സ് സംബന്ധിച്ചു.
- ജനുവരി 15ന് 14 നവവൈദികർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.
- ജനുവരി 28ന് സെമിനാരിയിൽനിന്നും റെക്ടറായി ശുശ്രൂഷ ചെയ്തശേഷം ബഹു. ജോബി പൊഴോലിപറമ്പിലച്ചനും സ്പിരിച്വൽ ഫാദറായി ശുശ്രൂഷ ചെയ്തശേഷം ബഹു. റാഫേൽ മൂലനച്ചനും സ്ഥലം മാറി പോയി. ആനന്ദപുരം വികാരി ബഹു. ഫാ. വിൻസന്റ് പാറയിലാണ് പുതിയ റെക്ടറായി വന്നത്. ബഹു. ആന്റോ ചുങ്കത്തച്ചനാണ് സ്പിരിച്വൽ ഫാദറായി വന്നത്; കൂടാതെ ഫാ. പ്രീഫെക്ടായി ബഹു. നൗജിൻ വിതയത്തിലച്ചനും വന്നു. ജനുവരി 24ന് വൈകിട്ട് 5ന് റെക്ടറച്ചനും സ്പിരിച്വൽ ഫാദറിനും യാത്രയയപ്പ് നൽകിയത്.

**സാമ്പത്തികസഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Mrs. Annie Kochappan, Thanissery | 25,000 |
| 2 | Mr. Jose Thalakottur (H), Muriyad | 25,000 |
| 3 | Mr. Davis T.J. Thattilkuruvila (H), Edathiruthy | 25,000 |
| 4 | Mr. Jacob (Sunny) Mannikkathuparambil (H), Vennur | 25,000 |
| 5 | Mr. Thomas Mathew Arekara, Banglore | 50,000 |
| 6 | Priest & Religious, Our Mother of Perpetuel Help Church, W. Chalakudy | 25,000 |
| 7 | Nestle Joseph Kalambadan, Vellikulangara | 50,000 |

**ഫാ. വിൻസന്റ് പാറയിൽ**
റെക്ടർ



# സ്പിരിച്വാലിറ്റി സെന്റർ

1 **ആരാധന :** തിങ്കൾ മുതൽ ബുധൻ വരെ രാവിലെ 8 മുതൽ വൈകീട്ട് 7.30 വരെയും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5 മണി വരെയും ആരാധനക്ക് എഴുന്നള്ളിച്ച് വയ്ക്കുന്നതായിരിക്കും.

2 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും:** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തപ്പെടുന്നു.

3 **പ്രേഷിത കൂട്ടായ്മ :** ഫെബ്രുവരി 11-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2 മണിക്ക്

4 **ജെറീക്കോ പ്രാർത്ഥന :** ഫെബ്രുവരി 13-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു.

5 **അഖണ്ഡ ജപമാല :** ജനുവരി 31-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ.

6 ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസം പ്രത്യേകം പ്രാർത്ഥിക്കുന്നു.

1 Fr. Jaison Vadakkumchery
2 Fr. Ajith Cheriakkara
3 Fr. Liju Manjaprakaran
4 Fr. Robin Palatty
5 Fr. Jiji Chakkiath
6 Fr. Jinoj Kolanchery
8 Fr. Jiji Kunnel
9 Fr. Jino Malakaran
10 Fr. Lindo Kuttikadan
11 Fr. Jinu Vennattuparambil
12 Fr. Jijo Vakaparambil
13 Fr. Shibu Nellissery
15 Fr. Jijo Alappatt
16 Fr. Siju Komban
17 Fr. Roy Panikulangara
18 Fr. Kins Elamkunnapuzha
19 Fr. Paul (Rinto) Kodiyan
20 Fr. Lijo Kalaparambath
22 Fr. Seemon Kanjithara
23 Fr. Jomy Thottiyan
24 Fr. Jees (Joseph) Pakarath
25 Fr. Thomas Kannampilly
26 Fr. Justin Vazhapilly
27 Fr. Jijo Joseph Thundathil
29 Fr. Nevin Attokkaran

**ഫാ. ഷാബു പുത്തൂർ**
വൈസ് റെക്ടർ

# ഇടയന്റെ നാളുകൾ

**ഫെബ്രുവരി 2016**

| | | |
|---|---|---|
| 1 | 6.30 am | ഇരിങ്ങാലക്കുട ഗുഡ്ഷെപ്പേർഡ് പ്രൊവിൻഷ്യൽ ഹൗസ് |
| | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 2.00 pm | കരാഞ്ചിറ ബിഷപ്പ് ആലപ്പാട്ട് ഹോസ്പിറ്റൽ |
| | 5.00 pm | എലിഞ്ഞിപ്ര ലൂർദ്ദ്മാതാ പള്ളി |
| 2 | 6.30 am | കല്ലേറ്റുംകര പാക്സ് |
| | 8.30 am | സന്ദർശകദിനം |
| | 11.30 am | രൂപതാഭവനം, സന്യസ്തവർഷസമാപനം |
| | 3.30 pm | രൂപതാഭവനം മീറ്റിങ്ങുകൾ |
| | 6.00 pm | Daughters of Divine Providence Convent, Oorakam |
| 3 | 6.15 am | പുൽപ്പാറകുന്ന് ജോൺപോൾ ഭവൻ |
| | 8.00 am | കൂരിയ മീറ്റിങ്ങ് |
| | 10.00 am | പോട്ട ആശ്രമം |
| | 2.00 pm | ടീച്ചേഴ്സ് ഗിൽഡ് മീറ്റിങ്ങ് |
| | 5.00 pm | കല്ലൂർ സെന്റ് ജോർജ്ജ് സ്കൂൾ |
| 4 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റ് |
| | 2.00 pm | കാഞ്ഞിരപ്പിള്ളി രൂപതാഭവനം |
| 5 | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 7.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രം |
| 6 | 10.30 am | തുമ്പൂർ പള്ളി |
| | 12.00 pm | വെള്ളാഞ്ചിറ പള്ളി |
| | 2.00 pm | കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ ഹോസ്പിറ്റൽ |
| | 4.30 pm | ചാലക്കുടി എസ്.എച്ച്. കോളേജ് |
| 7 | 3.00 pm | രൂപതാഭവനം കാത്തലിക് കപ്പിൾസ് മൂവ്മെന്റ് |
| 8 | 6.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി |
| | 8.30 am | കൂരിയ മീറ്റിങ്ങ് |
| 9 | 8.30 am | സന്ദർശകദിനം |
| 10 | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 2.30 pm | പുല്ലൂർ എസ്.എച്ച്. ഹോസ്പിറ്റൽ |
| 11 | 6.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരി |
| | 2.30 pm | ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റൽ |
| 12 | 6.30 am | കരാഞ്ചിറ സെന്റ് പയസ് കോൺവെന്റ് |
| | 8.30 am | കൂരിയ മീറ്റിങ്ങ് |

| | | |
|---|---|---|
| | 7.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രം |
| 13 | 10.00 am | രൂപതാഭവനം മീറ്റിങ്ങുകൾ |
| | 2.30 pm | ഏകോപനസമിതി ജനറൽബോഡി മീറ്റിങ്ങ് |
| 14 | | രൂപതാദ്ധ്യക്ഷന്റെ ജന്മദിനം |
| | 7.30 am | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി |
| | 2.30 pm | മെഴ്സി ട്രസ്റ്റ് മീറ്റിങ്ങ് |
| 15 | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 2.30 pm | മാള എൽ.പി. സ്കൂൾ |
| 16 | 8.30 am | സന്ദർശകദിനം |
| 17 | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 10.00 am | ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് |
| 18 | 2.30 pm | പ്രസ്ബിറ്ററൽ കൗൺസിൽ |
| 19 | 6.45 am | ആളൂർ നവചൈതന്യ |
| | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 7.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രം |
| 20 | 2.30 pm | കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ കോൺവെന്റ് |
| 21 | 8.00 am | അജപാലനസന്ദർശനം - വടക്കുംകര പള്ളി |
| 22 | 8.30 am | കൂരിയ മീറ്റിങ്ങ് |
| 23 | 6.30 am | സാൻജോസദൻ, ആനന്ദപുരം |
| | 8.30 am | സന്ദർശകദിനം |
| | 3.00 pm | കല്ലേറ്റുംകര എൽ.പി. സ്കൂൾ |
| | 6.00 pm | ജൂനിയർ വൈദികരുടെ കൂട്ടായ്മ |
| 24 | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 12.00 pm | കല്ലേറ്റുംകര പാക്സ് |
| 25 | 2.00 pm | ഇരിങ്ങാലക്കുട കോർപ്പറേറ്റ് എഡ്യൂക്കേഷണൽ മീറ്റിങ്ങ് |
| | 5.30 pm | ആശാനിലയം, കൊറ്റനെല്ലൂർ |
| 26 | 6.30 am | കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ കോൺവെന്റ് |
| | 8.30 am | കൂരിയ മീറ്റിങ്ങ് |
| | 7.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രം |
| 27 | 11.00 am | സന്യാസവൈദികരുടെ കൂട്ടായ്മ |
| | 4.00 pm | കാൽവരിക്കുന്ന് പള്ളി |
| | 5.30 pm | തുറവൻകുന്ന് സ്കൂൾ |
| 28 | 8.00 am | അജപാലനസന്ദർശനം - അന്നമനട പള്ളി |
| 29 | 8.30 am | കൂരിയ മീറ്റിങ്ങ് |

## ഇടയന്റെ ഇന്നലെകൾ

**ജനുവരി 2016**

1 9.00 am അമേരിക്കയിൽനിന്ന് നെടുമ്പാശ്ശേരി എയർപോർട്ടിൽ എത്തിയ ബിഷപ്പ് റോബർട്ട് ജെ ബേക്കറിനെ സ്വീകരിച്ചു.

10.00 am മാള സൊക്കോർസൊ സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു.

11.30 am ആളൂർ സെന്റ് ജോസഫ്സ് സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു.

5.30 pm കൊമ്പത്ത്കടവ് പള്ളിയിൽ വി. ബലിയർപ്പിച്ച് നവീകരിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

2 10.00 am ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ സമർപ്പിത സംഗമത്തോടനുബന്ധിച്ചുള്ള വി. ബലിയിൽ ചേർന്നു.

12.00 pm രൂപതയ്ക്ക് പുറത്ത് സേവനം ചെയ്യുന്ന രൂപതാംഗങ്ങളായ സമർപ്പിതരെ ആദരിക്കുന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

3 8.00 am മാള ഫൊറോന പള്ളിയിൽ പാരിഷ്ഹാളിന്റെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

2.00 pm മേലഡൂർ പള്ളിയിൽ ഡീക്കൻ അരുൺ ചക്കാലക്കലിന് തിരുപ്പട്ടം നൽകി.

6.00 pm പടിഞ്ഞാറെ ചാലക്കുടി പള്ളിയിൽ സമർപ്പിതസംഗമം ഉദ്ഘാടനം ചെയ്തു.

7.00 pm തുരുത്തിപ്പറമ്പ് പള്ളിയിൽ സമർപ്പിതസംഗമം ഉദ്ഘാടനം ചെയ്തു.

4 9.00 am പുത്തൻവേലിക്കര പള്ളിയിൽ ഡീക്കൻ റിന്റൊ തെക്കിനിയത്തിന് തിരുപ്പട്ടം നൽകി.

5.00 pm വാസുപുരം പള്ളിയിൽ വി. ബലിയർപ്പിച്ച് സമർപ്പിത സംഗമത്തിന് ആശംസകളർപ്പിച്ചു.

5 9.00 am പുത്തൻചിറ ഈസ്റ്റ് പള്ളിയിൽ ഡീക്കൻ റിന്റോ പയ്യപ്പിള്ളിക്ക് തിരുപ്പട്ടം നൽകി.

2.30 pm കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

4.30 pm രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

6 6.30 am കല്ലേറ്റുംകര പാക്സിൽ വി. ബലിയർപ്പിച്ചു.

11.00 am ഈസ്റ്റ് പുത്തൻചിറയിൽ മരണമടഞ്ഞ ബഹു. ജോസ് പഴയാറ്റിലച്ചന്റെ ഭവനത്തിൽ നടത്തപ്പെട്ട മൃതസംസ്കാരശുശ്രൂഷയിൽ പങ്കുചേർന്നു.

2.00 pm ഈസ്റ്റ് പുത്തൻചിറ പള്ളിയിൽ മരണമടഞ്ഞ ബഹു. ജോസ് പഴയാറ്റിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ വി. ബലിയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

5.30 pm പുളിപ്പറമ്പ് പള്ളിയിൽ വി. ബലിയർപ്പിച്ച് നവീകരിച്ച ഗ്രോട്ടോയുടെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു.

7–9 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

9 1.30 pm കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിൽ നടത്തപ്പെട്ട കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവത്തിന്റെ സമാപനസമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

3.30 pm കടുപ്പശ്ശേരിയിൽ ബഹുമാനപ്പെട്ട ഫ്രാങ്കോ പറപ്പുള്ളി അച്ചന്റെ മരണമടഞ്ഞ അപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

8.00 pm കത്തീഡ്രൽ പള്ളിയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ട മതസൗഹാർദ്ദ കൂട്ടായ്മയിൽ പങ്കുചേർന്നു.

10 6.30 am കുറ്റിക്കാട് പള്ളിയുടെ ജൂബിലിയാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് വി. ബലിയർപ്പിച്ചു.

10.00 am ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

2.00 pm നവീകരിച്ച പൂവ്വത്തുശ്ശേരി പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ച് വി. ബലിയർപ്പിച്ചു.

11–12 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

13 6.30 am കല്ലേറ്റുംകര പാക്സിൽ വി. ബലിയർപ്പിച്ചു.

10.00 am ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ സ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

2.00 pm കാലടി പ്രേഷിതാരാം സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. ബലിയർപ്പിച്ച് ജൂബിലേറിയൻസിന് ആശംസകളർപ്പിച്ചു.

14 10.00 am രൂപതാഭവനത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കുചേർന്നു.

| | | |
|---|---|---|
| | 1.30 pm | രൂപതാഭവനത്തിൽ നടന്ന പ്രസ്ബിത്തേരിയത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 4.30 pm | കോട്ടാറ്റ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 15 | 6.45 am | ആളൂർ നവചൈതന്യയിൽ വി. ബലിയർപ്പിച്ചു. |
| | 1.30 pm | ചാലക്കുടി സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമിയിൽ ഫാർമസി കോളേജിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. |
| | 5.00 pm | തലോർ ദീപ്തി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 16 | 6.30 am | കരുവന്നൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു. സിമിത്തേരിയിലെ നവീകരിച്ച കല്ലറകളുടെ വെഞ്ചിരിപ്പു കർമ്മം നിർവ്വഹിച്ചു. |
| | 12.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| | 1.15 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ എത്തിയ ജർമ്മനിയിൽനിന്നുള്ള ഗ്രൂപ്പിന് ആശംസകൾ നേർന്നു. |
| | 3.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 5.00 pm | രൂപതാഭവനത്തിൽ വൈദികവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. |
| 17 | 7.00 am | അമ്പഴക്കാട് ഫൊറോന പള്ളിയിൽ അജപാലനസന്ദർശനം നിർവ്വഹിച്ചു. |
| 18 | 6.30 am | മേട്ടിപ്പാടം സെന്റ് ജോസഫ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. |
| | 11.00 am | പഴൂക്കര പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 2.30 pm | രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 6.30 pm | ഇരിങ്ങാലക്കുട ആദ്ധ്യാത്മിക കേന്ദ്രത്തിൽ നടന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 19 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലിയർപ്പിച്ചു. |
| | 8.30 am | രൂപതാഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.00 pm | ചാലക്കുടി CMI പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| | 6.00 pm | രൂപതാഭവനത്തിൽ നവവൈദികരുമായി കൂടിക്കാഴ്ച നടത്തി. |
| 20 | 6.30 am | രൂപതാഭവനത്തിൽ നവവൈദികരൊത്ത് വി. ബലിയർപ്പിച്ചു. |
| | 3.00 pm | രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 21–22 | 10 am | ഭദ്രാവതി കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| 22 | 5.30 pm | മാരാംകോട് പള്ളിയിൽ നവീകരിച്ച കപ്പേളയുടെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു. |
| | 7.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു. |
| 23 | 10.30 am | മൂന്നുമുറി പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 12.15 pm | ഇരിങ്ങാലക്കുട ശാന്തിസദനിൽ നടന്ന സ്നേഹവിരുന്നിൽ പങ്കുചേർന്നു. |
| | 2.00 pm | രൂപതാഭവനത്തിൽ നടന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.30 pm | ആലുവ സി.എം.സി. ജനറലേറ്റിൽ വി. ബലിയർപ്പിച്ച് ജൂബിലേറിയൻസിന് ആശംസകളർപ്പിച്ചു. |
| 24 | 9.30 am | കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വി. ബലിയർപ്പിച്ച്, മാമ്മോദീസ, സ്ഥൈര്യലേപനകൂദാശകൾ പരികർമ്മം ചെയ്തു |
| | 12.05 pm | പുത്തൻചിറ ഫൊറോന പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 3.00 pm | തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 7.30 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ നടന്ന കൂട്ടായ്മയിൽ പങ്കുചേർന്നു. |
| 25 | 6.30 am | അമ്മാടം പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| | 10.30 am | രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.30 pm | പ്രതീക്ഷാഭവൻ സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| | 7.00 pm | രൂപതാഭവനത്തിൽ നടത്തപ്പെട്ട മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 26 | 8.30 am | രൂപതാഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | ചാലക്കുടി എസ്.എച്ച്. കോളേജിൽ അവാർഡിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട 'സർഗ്ഗ മീറ്റ്' ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| | 2.30 pm | സ്നേഹഗിരി പള്ളിയിൽ വി. ബലിയർപ്പിച്ച് സി. എം.സി. ഇരിങ്ങാലക്കുട വാർദ്ധ പ്രൊവിൻസിലെ ജൂബിലേറിയൻസിന് ആശംസകളർപ്പിച്ചു. |
| | 5.15 pm | വെള്ളാഞ്ചിറ പള്ളിയിലെ ജൂബിലിയാഘോഷത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 27 | 9.00 am | കൊരട്ടി പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| | 11.30 am | കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 2.30 pm | രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.30 pm | പരിയാരം സെന്റ് ജോർജ്ജ് സ്കൂൾ വാർഷികത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| 28 | 6.30 am | ആനന്ദപുരം സാൻജോസദനിൽ വി. ബലിയർപ്പിച്ചു. |
| | 11.00 am | പുല്ലൂർ കർമ്മലോദയ കോൺവെന്റിൽ വി. ബലിയർപ്പിച്ച് ജൂബിലേറിയൻസിന് ആശംസകളർപ്പിച്ചു. |
| | 2.30 pm | പുല്ലൂർ സ്നേഹോദയ നഴ്സിങ്ങ് കോളേജിൽ നടന്ന Lamp Lighting ൽ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 5.00 pm | മൂർക്കനാട് സെന്റ് ആന്റണീസ് എൽ.പി. സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 29 | 2.30 pm | രൂപതാഭവനത്തിൽ നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 7.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു. |
| 30 | 7.00 am | ഇരിങ്ങാലക്കുട ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ച് ശതോത്തര ജൂബിലിയാഘോഷത്തിൽ പങ്കുചേർന്നു. |
| | 10.00 am | മാള തെക്കൻ താണിശ്ശേരി പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 11.00 am | കോട്ടക്കൽ പള്ളിയിൽ ദൈവദാസൻ കനീസിയൂസച്ചന്റെ അനുസ്മരണബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 3.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ച്, ജൂബിലേറിയന് ആശംസകളർപ്പിച്ചു. |
| 31 | 8.00 am | കോയമ്പത്തൂർ കാരുണ്യമാതാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |